Cochin License No. 25/11 dated 11-4 1936.

# കൈരളി



| പുസ്തകം ൨൨. | ൧൧൧൨ മേടം | ലക്കം ൧. |
| --- | --- | --- |



പ്രസാധകൻ : : ടി. വി. സുബ്രഹ്മണ്യയ്യർ.

16 MAY. 19

# വിഷയവിവരം.


ഭാരതത്തിന്റെ സന്ദേശം

—സ്വാമി വിശ്വാനന്ദൻ.

ജീവിതം സ്വപ്നം.

—എം. എൻ. വാസുദേവൻ ഭട്ടതിരി.

എന്റെ വേളി.

—ഇ. കെ. ദിവാകരൻപോററി

ജ്യോതിശ്ശാസ്ത്രം.

—പണ്ഡിതർ കരുവേലി രാമൻ മേനോൻ.

പുഷ്കിൻ.

—കെ. വാസന്തി.

പുതിയ ശാകുന്തളങ്ങൾ.

—കെ. വി. എം.

തങ്കത്തിന്റെ അതിഥി.

—കെ. കെ. രാജാ.

കടൽക്കരയിൽ.

—വിദ്വാൻ, കെ. പ്രകാശം.

94978

032 m2032 : N15
G8

# കൈരളി

| പുസ്തകം ൨൨. | ൧൧൧൨ മേടം | ലക്കം ൧. |
| --- | --- | --- |

## ഭാരതത്തിൻെറ സന്ദേശം.

—സ്വാമി വിശ്വാനന്ദൻ.

ഇന്ത്യക്കു് ഒരു സന്ദേശമുണ്ടു്, മാനവപരിഷ്ക്കാരത്തിനു പ്രദാനം ചെയ്യാൻ അതിനു പ്രത്യേകം ഒരു സമ്പത്തുണ്ടു്, എന്നു പറയുമ്പോൾ ഹക്സ്ലിയുടേയും ടിണ്ഡലിൻേറയും മില്ലിൻേറയും സ്പെൻസരുടേയും തത്വശാസ്ത്രങ്ങൾ പഠിച്ചു് അയവിറക്കിക്കൊണ്ടിരിക്കുന്ന ഇന്ത്യക്കാരനു വളരെ പരിഹാസ്യമായിത്തോന്നും. രാഷ്ട്രീയമായും സാമ്പത്തികമായും ഇത്ര മാത്രം പിന്നണിയിൽ വർത്തിക്കുന്ന ഒരു രാഷ്ട്രം ഒരു ആചാര്യൻെറ സ്ഥാനത്തെ അവകാശപ്പെടുന്നതു വിഡ്ഢിത്തത്തിൻെറ പരമകാഷ്ഠയായി അയാൾ ഗണിച്ചേക്കും. ഇന്ത്യയെന്നുവെച്ചാൽ വിവിധങ്ങളും പരസ്പരവിരുദ്ധങ്ങളുമായ മതങ്ങളുടേയും ജാതികളുടേയും, അന്തമില്ലാത്ത സാമുദായികവഴക്കുകളുടേയും നാടെന്നാണു് അയാൾ മനസ്സിലാക്കിയിരിക്കുന്നതു്. ഇങ്ങിനെ ഭിന്നിച്ചുനില്ക്കുന്ന ഒരു രാഷ്ട്രത്തിനു് എന്തൊരു ഭാവിയാണു് ഉള്ളതു്!

ഇന്തൊ-ആര്യൻ പരിഷ്ക്കാരത്തിനു ചുരുങ്ങിയതു സുമേറിയൻ പരിഷ്ക്കാരത്തോളമെങ്കിലും പ്രായപൂർത്തി വന്നിട്ടുണ്ടെന്നു് ഈയിടെ മാഹഞ്ചദാരോവിൽ കണ്ടെത്തിയ ലക്ഷ്യങ്ങളെക്കൊണ്ടു തെളിഞ്ഞിരിക്കുന്നു. "കോപത്തെ കോപംകൊണ്ടു ജയിക്കുവാൻ കഴിയില്ല, വെറുപ്പിനെ വെറുപ്പുകൊണ്ടു ജയിക്കുവാൻ കഴിയില്ല; കോപത്തേയും വെറുപ്പിനേയും പ്രേമംകൊണ്ടു മാത്രമെ ജയിക്കുവാൻ കഴിയൂ:" ക്രിസ്തു തൻെറ പർവ്വതപ്രസംഗത്തെ ലോകത്തിനു പ്രദാനംചെയ്യുന്നതിനു് അഞ്ഞൂറുകൊല്ല

ങ്ങൾക്കുമുമ്പ് ഇന്ത്യയിലെ കാവിവസ്ത്രമുടുത്ത ഒരു രാജകുമാരൻ ലോകത്തെ ഇങ്ങിനെ പഠിപ്പിച്ചുവെന്നുള്ളതു് ഇന്നു അവിതൎക്കിതമായ ഒരു ചരിത്രസംഭവമത്രെ. ബുദ്ധദേവന്റെ ഈ സന്ദേശത്തെ ത്യാഗിവൃന്ദമാരായ കുറെ സന്ന്യാസികൾ മലയ്ക്കപ്പുറത്തുള്ള ചൈനയിലേക്കു് എത്തിച്ചു. അവിടെനിന്നും അതു കൊറിയായിലേക്കും ജപ്പാനിലേക്കും പരന്നു. 'ഭിക്ഷാംദേഹി'കളായ ഈ ബുദ്ധസന്ന്യാസികൾ ഏഷ്യയുടെ എല്ലാ കോണുകളിലും വിഹാരങ്ങൾ സൃഷ്ടിച്ചു. പുരാതനഭാരതത്തിന്റെ പരിഷ്കാരകിരണങ്ങളെ അവർ ലോകത്തിലെ വിദൂരങ്ങളായ കോണുകളിലേക്കും എത്തിച്ചു. ഈ ബുദ്ധസന്ന്യാസികളിൽനിന്നാണു ജോൺ പുണ്യവാളൻ സന്ന്യാസത്തിന്റെ ആദൎശങ്ങളെ മനസ്സിലാക്കിയതെന്നു വിശ്വസിക്കുന്നവർ കുറച്ചൊന്നുമല്ല.

കുത്സിതമായ പുരോഹിതത്വമായും മാമൂലുകളായും നിൎഭാഗ്യവശാൽ ദുഷിച്ചുപോയ ഒരു പഴയ മതത്തോടുള്ള എതിൎപ്പിനെ ബുദ്ധന്റെ സന്ദേശങ്ങളിൽ അങ്ങോളമിങ്ങോളം കാണ്മാൻ കഴിയും. ബുദ്ധന്റെ തത്വശാസ്ത്രവും വേദങ്ങളിലെ ജ്ഞാനകാണ്ഡവും ഏതാണ്ടു് ഒന്നുതന്നെയാണു്. ഇന്തൊ-ആൎയ്യൻ സംസ്കാരം ഒരു വിപിനാന്തരസംസ്കാരമാണെന്നു പറയപ്പെടാറുണ്ടു്. നഗരത്തിന്റെ ബഹളങ്ങളിൽനിന്നും വഴക്കുകളിൽനിന്നും ഒഴിഞ്ഞുമാറി, അംബരചുംബികളും ഹിമാവൃതങ്ങളുമായ ഹിമാലയകൊടുമുടികളുടെ മുമ്പിൽ നിന്നുകൊണ്ടു് ഈ വൎഗ്ഗത്തിന്റെ പിതാക്കന്മാർ ഭയാത്ഭുതസമന്വിതഹൃദയരായി പാടിയ ആ കീൎത്തനങ്ങൾ സത്യാന്വേഷികൾക്കു നിരന്തരപ്രചോദനങ്ങളായിരിക്കും. അവർ വിജ്ഞാനത്തിന്റെ വെളിച്ചത്തെ തങ്ങളുടെ ഹൃദയത്തിലേക്കു കാട്ടി, തങ്ങളെത്തന്നെ പരിശോധിക്കുകയും ചിന്താലീനരാവുകയും ചെയ്തു. ഇന്നത്തെ ലോകത്തിനു് അത്രമാത്രം അത്യാവശ്യമായ ആ സാൎവ്വലൌകികമായ മതത്തിന്റെ അസ്ഥിവാരമാണു് അവരുടെ ചിന്തകളും അനുഭവങ്ങളും. ഫിസിക്സിനും കെമിസ്റ്റ്റിക്കുമെന്നപോലെ, ഹൃദയലോകത്തിനും ചിലചില നിയമങ്ങളുണ്ടു്. ഈ നിയമങ്ങളുടെ കണ്ടുപിടുത്തം മാനവസമുദായത്തിനു പരിപൂൎണ്ണതയിലേക്കും ശാശ്വതമായ സൌഖ്യത്തിലേക്കുമുള്ള മാൎഗ്ഗത്തെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അനന്തവും അജ്ഞാതവുമായ ആ ശക്തിയെപ്പററി ചിന്തിക്കുവാൻ നമ്മുടെ വൎഗ്ഗക്കാൎക്കു് എന്തെന്നില്ലാത്ത ഒരു അഭിനിവേശം കണ്ടിട്ടുണ്ടു്. അതുകൊണ്ടു്, ഭാരതീയസംസ്കാരം ഏറെക്കുറെ പരലോകപരമാണെന്നു ചില പാശ്ചാത്യവിമൎശക

ന്മാർ പറഞ്ഞുകാണുന്നതിൽ കുറെ വാസ്തവമില്ലാതില്ല. "ഇന്ത്യ: അതു നമ്മെ എന്തു പഠിപ്പിക്കുന്നു?" എന്ന തൻെറ പുസ്തകത്തിൽ പ്രൊഫസർ മാക്സ്മൂള്ളർ ഇതിനെപ്പററി പ്രതിപാദിച്ചിട്ടുണ്ട്. ലോകത്തിലെ എല്ലാ രാജ്യങ്ങളിലും എല്ലാ കാലങ്ങളിലുമുള്ള തത്വശാസ്ത്രജ്ഞന്മാരുടെ ചിന്താവിഷയങ്ങളായിട്ടുള്ള വലിയ വലിയ പ്രാപഞ്ചികപ്രശ്നങ്ങളെ, യവനർ അവയെപ്പററി ചിന്തിക്കുന്നതിനു് എത്രയോ മുമ്പുതന്നെ ഹിന്ദുക്കൾ ചിന്തിക്കുകയും മനസ്സിലാക്കുകയും ചെയ്തിരുന്നുവെന്നു് അദ്ദേഹം തെളിയിക്കുന്നു. ശതാബ്ദങ്ങൾക്കു് അങ്ങാപ്പുറത്തുനിന്നു വിജ്ഞനായ ആ യതിവര്യൻെറ ശബ്ദം കേൾക്കുകയുണ്ടായി: "അല്ലയോ അനുഗൃഹീതരായ സന്താനങ്ങളെ, കേട്ടാലും; ഞാൻ അദ്ദേഹത്തെ അറിഞ്ഞിരിക്കുന്നു, ആ ആദിപൂരുഷനെ—എല്ലാ അന്ധകാരങ്ങളുടേയും അങ്ങാപ്പുറത്തുള്ള അദ്ദേഹത്തെ."

ഈ ആദശ്ത്തിൽനിന്നും വിഭിന്നമായ ഒരുതരം പരിഷ്ക്കാരത്തെ, ജീവിതത്തോടും ലോകത്തോടും വിഭിന്നമായ ഒരു മനോഭാവത്തെ, ആണു് യൂറോപ്പിൽ നാം ദശിക്കുന്നതു്. ഈ പരിഷ്കാരത്തിൻെറ ജന്മഭൂമി ഗ്രീസ്സാണു്. പ്രകൃതിസൌന്ദര്യത്താൽ ചുററപ്പെട്ട യവനഹൃദയം പ്രപഞ്ചതത്വങ്ങളെ ആരായുവാൻ തുടങ്ങി. ഗ്രീസ്സിനെ രാഷ്ട്രീയമായി റോം കീഴടക്കി; എന്നാൽ സാംസ്കാരികമായി ഗ്രീസ്സ് റോമിനേയും. മദ്ധ്യയുഗങ്ങളിൽ **(Middle ages)** സന്യാസം, ത്യാഗം, സേവനം തുടങ്ങിയ ക്രൂസ്തീയാദശ്ങ്ങൾ യൂറോപ്പിൽ വ്യാപിച്ചു. എന്നാൽ നവയുഗത്തിൻെറ **(Renaissance)** ആവിർഭാവത്തോടെ യൂറോപ്പിൻെറ ഈ മനോഭാവത്തിന്നു തീരെ മാററം വന്നു. ഇക്കാലത്താണു വലിയ ശാസ്ത്രജ്ഞന്മാർ പലരും ജനിച്ചതു്. ഗലീലിയൊ, ബ്രൂണൊ, കോപ്പർനിക്ക്സ് എന്നിവർ പള്ളിയുടെ അന്ധവിശ്വാസങ്ങളെക്കൂടി ഇളക്കിത്തുടങ്ങി. ശാസ്ത്രജ്ഞന്മാരുടെ പരീക്ഷണഫലങ്ങളും, കൊളമ്പസ്സ് വാസ്കോഡിഗാമ എന്നീ നാവികവീരന്മാരുടെ കണ്ടുപിടുത്തങ്ങളും ചിന്താലോകത്തിൽ വലിയ ഒരു പരിവത്തനം ഉണ്ടാക്കിത്തീത്തു. ഒരു പുരുഷായുസ്സു മുഴുവനും തങ്ങൾക്കു ജീവിക്കേണ്ടതായ ഈ ലോകത്തെക്കുറിച്ചു മനുഷ്യർ കൂടുതൽ പരിഗണിക്കുവാൻ തുടങ്ങി. ഇക്കഴിഞ്ഞ മുന്നൂറുകൊല്ലക്കാലത്തു ശാസ്ത്രത്തിന്നുണ്ടായിട്ടുള്ള പുരോഗതി അത്ഭുതപൂവ്വമത്രെ. ഇന്നു മനുഷ്യനു പക്ഷിയെപ്പോലെ വായുവിൽ പറക്കുവാനൊ മത്സ്യത്തെപ്പോലെ സമുദ്രാന്തരാളത്തിൽക്കൂടി സഞ്ചരിക്കുവാനൊ കഴിയും. ശാസ്ത്രം ദൂരത്തെ തീരെ നശി

പ്പിച്ചിരിക്കുന്നു. ധ്രുവദേശങ്ങളിൽ താമസിക്കുന്നവർകൂടി ഇന്നു നമ്മുടെ അയൽപക്കക്കാരായി എന്നു പറയത്തക്കവണ്ണം അത്ര ദൂരത്തെ തീരെ നശിപ്പിച്ചിരിക്കുന്നു. വൈദ്യശാസ്ത്രത്തിലെ പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ മരണത്തിന്റെ വക്കത്തെത്തിയ പല മനുഷ്യർക്കും വീണ്ടും ജീവൻ പ്രദാനംചെയ്യുന്നു. അപ്പോൾ ശാസ്ത്രത്തിന്റെ ശക്തിയേയും സാദ്ധ്യതയേയുംകുറിച്ചു ബുദ്ധിയുള്ള ആരെങ്കിലും ചോദ്യംചെയ്യുമോ?

എന്നാൽ ശാസ്ത്രീയപരീക്ഷണങ്ങളുടേയും പരിഷ്കാരത്തിന്റേയും പുരോഗതിയോടുകൂടി പുതിയ പ്രശ്നങ്ങൾ തല പൊക്കിത്തുടങ്ങി. തീ ഭൃത്യനാവുകയാണെങ്കിൽ നല്ലതുതന്നെ, എന്നാൽ യജമാനനായാൽ വളരെ ചീത്തയാണ്. ശാസ്ത്രം നശീകരണയന്ത്രങ്ങളേയും സൃഷ്ടിച്ചിരിക്കുന്നു. ശാസ്ത്രത്തിന്റെ ഈ വിജയക്കൊടികൾതന്നെ ഇനിയൊരു യുദ്ധത്തിൽ ലോകത്തിന്റെ നാശത്തിന്നായി ഉപയോഗിക്കപ്പെട്ടുമെന്ന് ഓർക്കുമ്പോൾ മാനവസമുദായസ്നേഹികളായവരെല്ലാം വിറക്കൊള്ളുകയാണ്. അന്തരിക്ഷത്തിൽ യുദ്ധമേഘങ്ങൾ ഉയർന്നുതുടങ്ങിയിരിക്കുന്നു. കോടാനകോടി മനുഷ്യരുടെ സുഖദുഃഖങ്ങളെ നിയന്ത്രിക്കുന്ന മഹച്ഛക്തികൾ പരസ്പരം ഏററുമുട്ടുവാൻ ഒരുങ്ങുകയാണ്.

ഈയിടെ ഇന്ത്യ സന്ദർശിച്ചു മടങ്ങിയ തെക്കേ ആഫ്രിക്കൻ സുഹൃൽസംഘത്തിന്റെ നായകൻ പറയുകയുണ്ടായി: "'മാററം വരാത്ത പൂർവ്വദിക്ക്' മാറിത്തുടങ്ങിയിരിക്കുന്നു. എന്നാൽ ഇന്ത്യയുടെ ഔദാര്യവും സഹിഷ്ണുതയും മാത്രം മാറിയിട്ടില്ല." അതേ, സഹിഷ്ണുതയ്ക്കു ഭാരതവർഷം എന്നും കേൾവിപ്പെട്ടതാണ്. തങ്ങളുടെ വീടും നാടും വിട്ടു ഓടിപ്പോരേണ്ടിവന്ന പാർസികൾക്കു രണ്ടു കയ്യും നീട്ടിയാണ് ഇന്ത്യ സ്വാഗതം പറഞ്ഞത്. "പരമാത്മാവ് ഒന്നാണ്; അദ്ദേഹത്തെ പല പേരുകൾക്കൊണ്ടു വിളിക്കുന്നുവെന്നേയുള്ളു." മഹത്തായ ഈ തത്വം ഋക്‌വേദത്തിൽ ഉള്ളതാണ്. അശോകന്റെ ഓരോ സ്തൂപവും മതപരമായ ഇന്ത്യയുടെ ഈ സഹിഷ്ണുതക്കുള്ള ഓരോ വിളംബരമാണ്. യൂറോപ്പിൽ പ്രോടസ്റ്റൻറുകാർ കത്തോലിക്കരേയും, കത്തോലിക്കർ പ്രോടസ്റ്റൻറുകാരേയും, ഇരുകൂട്ടരും ജൂതരേയും മർദ്ദിച്ചിരുന്ന ആ കാലത്ത് ഇന്ത്യയിലെ മഹാനായ ആ മുഗിളചക്രവർത്തി മതങ്ങളുടെ ഒരു പാർലിമെണ്ടു വിളിച്ചുകൂട്ടി മനുഷ്യരെ പരസ്പരം ഇണക്കുവാനാണ് പരിശ്രമിച്ചത്. ഭാരതത്തിന്റെ ദീർഘവും അരിഷ്ടനിറഞ്ഞതുമായ ചരിത്രം പരിശോധിക്കുന്നതായാൽ, ഇവിടെ എതുകാലത്തും മനുഷ്യന്റെ ആത്മീയതക്കു

വില കല്പിക്കപ്പെട്ടുകയും എല്ലാ മതങ്ങളും ബഹുമാനിക്കപ്പെട്ടുകയും ഉണ്ടായിട്ടുണ്ടെന്നു കാണാം. തൻെറ അനുയായികളുടെ സാന്മാർഗ്ഗികവും ആത്മീയവുമായ പുരോഗതിയിൽക്കൂടി നിഷ്കർഷവെക്കുന്ന മഹാത്മാഗാന്ധിയെപ്പോലുള്ള ഒരു രാഷ്ട്രീയനേതാവു് ഈ പുണ്യഭൂമിയിൽ മാത്രമേ ഉണ്ടായിട്ടുള്ളു.

ഇംഗ്ലണ്ടിലെ പ്രധാനമന്ത്രി ഈയിടെ ഇങ്ങിനെ പറയുകയുണ്ടായി:—"യുദ്ധംകൊണ്ടല്ലാതെ അന്തർരാഷ്ട്രീയവഴക്കുകളെ അവസാനിപ്പിക്കുവാൻ നമുക്കു കഴിയില്ലെങ്കിൽ, എന്നാൽപിന്നെ ഈ പരിഷ്കാരം നാശത്തെത്തന്നെയേ അർഹിക്കുന്നുള്ളു." ആത്മീയതക്കു യാതൊരു വിലയും കല്പിക്കപ്പെടുന്നില്ലെങ്കിൽ, മനുഷ്യൻ സുഖം തേടി നടക്കുന്ന മൃഗത്തിൽ നിന്നും പണം നിർമ്മിക്കുന്ന യന്ത്രത്തിൽനിന്നും ഒരുവിധത്തിലും വ്യത്യസ്തനല്ലെന്നു വരുന്നു. "ഓരോരുത്തനും അവനവൻെറ കാര്യം നോക്കുക, പിന്നിലുള്ളവനെ പിശാചു് നോക്കിക്കോട്ടെ" എന്നാവും പിന്നത്തെ ആദർശം. കയ്യൂക്കുള്ളവൻ മാത്രം ജീവിക്കുകയും, ദരിദ്രനും ദുർബ്ബലനും നശിക്കുകയും ചെയ്യും. പണത്തിനും പ്രതാപത്തിനും വേണ്ടിയുള്ള ഈ വെകിളിപിടിച്ച മത്സരം കൊടുതായ യുദ്ധത്തിൽചെന്നേ അവസാനിക്കുകയുള്ളു.

പരിഷ്കൃതലോകം ഭാരതത്തിൻെറ സന്ദേശത്തെ ഇനിയും ഗൌനിക്കുകയില്ലെന്നൊ? "അനന്തവും ശാശ്വതവുമായതിലാണു നശ്വരമായതിലല്ല സൌഖ്യമെന്നു്" ഉപദേശിച്ചതു് ഈ നാടാണു്. കറുത്ത മനുഷ്യനും വെള്ളക്കാരനും തമ്മിൽ, പുരുഷനും സ്ത്രീയും തമ്മിൽ, രാഷ്ട്രവും രാഷ്ട്രവും തമ്മിൽ വ്യത്യാസം ഉണ്ടെന്നുള്ള ബോധം വെറും മിഥ്യയാണു്, ദുഷിച്ച ഭാവനമാത്രമാണു്, എന്നു വേദാന്തം പിന്നേയും പിന്നേയും നമ്മെ ഉൽബോധിപ്പിക്കുന്നു. സ്ഥിതിസമത്വവാദത്തിനു് ഇതിനേക്കാൾ ഉത്തമവും വിശാലവും ആയ ഒരു അസ്ഥിവാരമുണ്ടൊ?

ഒരു നവഭാരതത്തെ സൃഷ്ടിക്കുവാനായി വെമ്പൽക്കൊള്ളുന്ന ഭാരതീയസന്താനങ്ങൾ അവരുടെ അതിമഹത്തായ ഈ പാരമ്പര്യത്തെ വിസ്മരിക്കുമൊ? ഭാരതത്തിൻെറ സന്ദേശം ശ്രവിക്കുക: "ഓരോ ആത്മാവും ദിവ്യമത്രേ."

# ജീവിതം സ്വപ്നം.

— എം. എൻ. വാസുദേവൻ ഭട്ടതിരി.

1. എന്തിത്ര വിളംബമെൻ തോഴിക്കു,പ്രേമാകുലൻ
അന്തിയേ സമീപിച്ചു മന്ദമന്ദമാസ്സൂര്യൻ
രാഗത്താൽ തുടുത്തതാമാമുഗ്ദ്ധമുഖം മുത്തി
വേഗത്തിലൊളിക്കയാൽ, സംഭ്രമം കലൎന്നവൾ;

2. വല്ലികൾ ചിരിക്കവെ പല്ലവകൈത്തണ്ടിനാൽ
ചില്ലകൾ മാററി സ്വയം തിരിഞ്ഞു നടന്നതും
കണ്ടില്ലേ മൂറവം സഖി! എന്തിനു പരീക്ഷിപ്പൂ
വേണ്ട ഞാൻ നിൻ ദാസിയാ,മെൻ കണ്ണു പൊത്തു നിദ്രേ!

3. മന്മനോരമണന്റെ മഞ്ജുള കളേബര
മുൺമയിലീക്ഷിപ്പൂ ഞാനൊന്നുകൂടി നീ കാട്ടൂ.

4. ഇന്നലെ പ്രഭാതത്തിലരികത്തണഞ്ഞൊന്നും
തോന്നാതെ വീഴാൻ പോയോരെന്നെയക്കയ്യാൽ താങ്ങി
"ഓമനെ! വിധിബലം നീ നിന്റെ നാഥനെന്നും
കാമംപോൽ വൎത്തിക്കേണം ഞാനന്യനൊരാളേതോ!
അപ്പൂൎവ്വചരിത്രത്തെ മറക്കാൻ കഴിഞ്ഞെങ്കിൽ!
ഇപ്പൂവിൻവാട്ടം കാണ്മാൻ കണ്ണെനിക്കില്ലെന്നാകിൽ!
ഇന്നു ഞാൻ വരില്ലെ"ന്നു ഹൃദയം പിളൎന്നോതി
നിന്നു മൽകണ്ണീർധാര തുടച്ചാക്ഷീണാശയൻ.

5. എൻമനസ്സാലേ മുമ്പു വരിച്ച പുണ്യാത്മാവ് —
നിന്മഹാ ദയ നിദ്രേ! ഞാനശക്തയെന്നോൎപ്പൂ—
നിന്നിലായ് കണ്ടു സൎവ്വം സ്വപ്നത്തിലെന്നാലെന്തു
മുന്നിൽ താൻ കാണ്മൂ ഞാനിന്നിപ്പൊഴുമതേരൂപം.

6. ഇന്നത്തെ ജാഗ്രത്തിലെ സംഭവംപോലും നാളെ
മിന്നുന്ന നിൻ ഹൃത്തിലെത്തീപ്പൊരി മാത്രം ഭദ്രേ!
"ജീവിതം വെറും സ്വപ്നം" നിന്നിലായ് കണ്ടാൽ മതി
യാവിഷുമാം രൂപം സംതൃപ്തിയടയും ഞാൻ.

7. സ്വാഗതം സഖി! വത്ര താമസമെന്തേ ഞാനാ-
ത്യാഗമൂൎത്തിയെയൊരു കണ്ണു കാണട്ടെ വീണ്ടും!

# എൻെറ വേളി.

—ഇ. കെ. ദിവാകരൻപോററി; പുത്തൻചിറ.

"വാസൂ, വാസുവിനൊരുണ്ണിയുണ്ടായി കണ്ടാൽ കൊള്ളാമെന്നു് എത്രനാളായി ഞാൻ ആഗ്രഹിക്കുന്നു? എനിക്കീജന്മത്തിൽ അതിനു ഭാഗ്യമുണ്ടോ?" മുത്തശ്ശി രോഗശയ്യയിൽ എഴുന്നേററിരുന്നു് എന്നോടു പറഞ്ഞു.

"മുത്തശ്ശിക്കെന്താ ഭാഗ്യമില്ലാതെ? ഇത്ര വയസ്സായിട്ടും മുത്തശ്ശിയെപ്പോലെ ആരോഗ്യവും സുഖവുമുള്ളവരായിട്ടു വേറെ ആരുണ്ടു്?" ഞാൻ സമാധാനിപ്പിച്ചു.

മുത്തശ്ശി:—എൻെറ വാസൂ, എനിക്കാണോ സുഖം? ഞാനെത്രനാളായി ഇങ്ങിനെ ഭൂമിക്കു ഭാരമായി കിടക്കുന്നു? എനിക്കു് എഴുന്നേല്ക്കുവാൻ പോലും വയ്യ. ഇനി ഞാൻ ജീവിക്കുന്നതു നിങ്ങളെയൊക്കെ കഷ്ടപ്പെടുത്തുവാൻ മാത്രമാണു്.

ഞാൻ:—എന്താ മുത്തശ്ശി ഇങ്ങിനെ പറയുന്നതു്? ഞങ്ങൾക്കു് ഒരു കഷ്ടപ്പാടും ഇല്ല. മുത്തശ്ശിയെ ശുശ്രൂഷിക്കേണ്ടതു് ഞങ്ങളുടെ കടമയല്ലേ? ഞങ്ങൾക്കുവേണ്ടി നിങ്ങളെല്ലാം കഷ്ടപ്പെട്ടിട്ടുള്ളതോക്കുമ്പോൾ ഏതൊരു കാലത്താണു് അതിൻെറ കടപ്പാടു തീരുക?

മു:—ഞാൻ ഇനി വേഗം മരിക്കണം. വയസ്സു് എഴുപത്തഞ്ചായി. എനിക്കു് അനുഭവിക്കുവാനുള്ളതെല്ലാം കഴിഞ്ഞു.

ഞാൻ:—ഇനി ഒരു പതിനഞ്ചുകൊല്ലംകൂടി സുഖമായി ജീവിച്ചിരിക്കാം. ഇതൊന്നും സാരമില്ല. രണ്ടുദിവസംകൊണ്ടു ഭേദപ്പെടും.

മു—വാസൂ, എനിക്കൊരു കൊച്ചുകുട്ടിയുടെ മുഖം കണ്ടു മരിക്കുവാൻ സാധിക്കുമോ?

ഞാൻ:—അതും അതിലപ്പുറവും സാധിക്കും. പ്രസരിപ്പോടുകൂടി അങ്ങുമിങ്ങും ഓടിച്ചാടിക്കളിക്കുന്ന ചെറുപൈതങ്ങളുടെ പൂപ്പുഞ്ചിരി തൂകുന്ന ഓമനമുഖം കണ്ടു തൃപ്തിയടയുവാൻ നിശ്ചയമായും മുത്തശ്ശിക്കു ഭാഗ്യമുണ്ടു്.

ഒരു ചെറുമന്ദഹാസം ആ ചുക്കിച്ചുളിഞ്ഞ വദനത്തിൽനിന്നും പുറപ്പെട്ടു. ആനന്ദത്തിൻെറ അപാരപരിമളം അവിടെയെങ്ങും വീശി. ഹാ! ആ മാതൃഹൃദയത്തിൽ തിരതല്ലിയലയ്ക്കുന്ന ആശാവീചികൾ!

* * * *

"കേശവാ, ആ ഗുളികയെവിടെ? കഷായം കൊടുക്കേണ്ട നേരമായല്ലൊ." അച്ഛൻ കഷായം കുറക്കുന്നിടത്തുനിന്നും വിളിച്ചുപറഞ്ഞു.

"ഈ തൊണ്ണൂറവയസ്സായ തള്ളക്കാണിനി കഷായവും മററും! ഇയ്യുള്ളവന് ഒരിടത്തു ഇരിക്കുവാൻ സൈ്വരമില്ല. ഇപ്പോൾ പറയും വൈദ്യനെ വിളിക്കാൻ പോകാൻ. ആവൂ, ഇതൊന്നു വേഗം ചാവത്തെങ്കിൽ!" കേശവൻ പിറുപിറുത്തുകൊണ്ട് ഗുളികയിരിക്കുന്ന അലമാരി തുറന്നു.

"ആ കൊച്ചുതിരുമേനിക്ക് എത്ര കാര്യമാണു മുത്തശ്ശിയെ! ഇത്തിരംനേരം അടുത്തുനിന്നും പോകാതെ കൂടെത്തന്നെ ഇരുന്നു നോക്കുന്നു. എന്നാലും ഒരു കുട്ടീടെ തല കണ്ടിട്ടു ചത്താൽ കൊള്ളാമെന്ന് അതിനു വലിയ മോഹമുണ്ടായിരുന്നു. എന്തുചെയ്യാം? തോന്നേണ്ടവൎക്കു തോന്നണ്ടേ?" രോഗിണിയെ സന്ദശിക്കുവാൻ വന്നവരിൽ ചിലർ അമ്മയോടഭിപ്രായപ്പെട്ടു.

"ഉവ്വ്. അതിനിനിമയണ്ണത്തോണിയിയിലിടണം. ഈ എനിക്കുതന്നെയുണ്ടോ അതിനു ഭാഗ്യം!" അമ്മ അൎത്ഥഗൎഭമായി ഉത്തരം പറഞ്ഞു.

"ഇതാ കഷായം" അച്ഛൻ ഒരു ലോട്ട എൻെറ നേരേ നീട്ടി. ഞാൻ കഷായം വാങ്ങി മുത്തശ്ശിയോടു കുടിക്കുവാൻ ആവശ്യപ്പെട്ടു.

"എന്തിനു ഞാനതു കുടിക്കുന്നു?" മുത്തശ്ശി പതിവില്ലാത്തപടി ചോദിച്ചു:

ഞാൻ:— ഇതു സുഖക്കേടു മാറുവാനുള്ള മരുന്നാണ്. വൈദ്യൻ പറഞ്ഞിട്ടുണ്ട് ഇതു രണ്ടുനേരം കഴിക്കണമെന്ന്.

മു:— എനിക്കതു വേണ്ട. വാസു കുടിച്ചുകൊള്ളൂ.

ഞാൻ:— ഞാനും കുടിക്കാം. മുത്തശ്ശി അല്പം കഴിക്കൂ.

ഞാൻ ലോട്ട നേരേ നീട്ടിയപ്പോൾ മുത്തശ്ശി അതു് കയ്യിൽനിന്നു വാങ്ങിച്ചു. "വാസൂ, ഇതാ ഉണ്ണിക്കു കൊടുക്കൂ. അവൻ ഇന്നു് കാപ്പി കുടിച്ചില്ലല്ലൊ" എന്നു പറഞ്ഞു വീണ്ടും എൻെറ കയ്യിൽ തന്നു.

"ഇതാ ഉണ്ണി കാപ്പി കുടിച്ച് എൻെറ നേരേ നോക്കിച്ചിരിക്കുന്നു." മുത്തശ്ശി ആനന്ദകരമായ ഒരു സ്വപ്നം കാണുകയായി:—ച്ഛീ, അവൻെറ മുഖത്തു് ചളിയായിരിക്കുന്നു.— ഉണ്ണീ, നീ ഇവിടെ വാ. ഞാൻ എടുക്കട്ടെ. നീ കരയണ്ട. അമ്മയോടു് അമ്മിഞ്ഞ തരാൻ

പറയൂ. എന്നിട്ടു മുത്തശ്ശിയുടെ അടുത്തു വന്നാൽ മതി. വാസു, അവനു് ഒരു നല്ല ആനക്കുട്ടിയെ കൊണ്ടുവന്നു കൊടുക്കണം. ഉണ്ണി തന്നേപുറത്തെങ്ങും പോകണ്ട. കളിക്കുവാൻ കുട്ടികളൊക്കെ വരും. എനിക്കെൻെറ ഉണ്ണിയെ കാണാതിരിക്കുവാൻ വയ്യ. ഞാൻ വരുന്നില്ല; എല്ലാവരും പോകുവിൻ, അവൻ പേടിക്കും, ആരും ഇങ്ങോട്ടു വരണ്ട. ഉണ്ണീ! പേടിക്കണ്ട. ഇവിടെ മുത്തശ്ശി മാത്രമേ ഉള്ളു. അടുത്തു വരൂ, എൻെറ മടിയിൽ കയറിയിരിക്കൂ. ഞാൻ നിന്നെ താലോലിക്കട്ടെ. നീ എൻെറ ഓമനക്കുട്ടനല്ലേ?"

ആ ചിത്രങ്ങൾ ഒന്നുമാറി. മുത്തശ്ശിയുടെ തോഷം വിഷാദമായി മാറി. അവർ പെട്ടെന്നു പൊട്ടിക്കരയുവാൻ തുടങ്ങി. കാരണം ചോദിച്ചപ്പോൾ പറയുകയാണു്—"എൻെറ ഉണ്ണിയെ കാണാനില്ല. അവനെവിടെ?"

"ഉണ്ണിയിതാ ഇവിടെയുണ്ടു്. അവൻ കളിക്കുകയാണു്." ഞാൻ സമാധാനിപ്പിക്കുവാൻ ശ്രമിച്ചുവെങ്കിലും ഫലിച്ചില്ല. അവർ ഉണ്ണിയെ അന്വേഷിക്കുകയായി. പലതും പുലമ്പിക്കരയുകയായി. ശയ്യയിൽ കിടന്നുരുളുകയായി. "എൻെറ ഉണ്ണി" എന്ന വാക്കുകൾ മാത്രം പലപ്പോഴും സ്പഷ്ടമായി കേട്ടിരുന്നു. ഇതെല്ലാം മരണഗോഷ്ടികളായി എല്ലാവരും കണക്കാക്കി. നോക്കൂ! ആശാദീപത്തിൽ ചില മായാചിത്രങ്ങളുടെ പ്രതിഫലനങ്ങൾ!!

* * * *

ഒരു ദിവസം അമ്മയും അയൽവീട്ടിലെ ഒരു വലിയമ്മയും തമ്മിൽ ഇങ്ങിനെ ഒരു സംഭാഷണം നടന്നു.

"ആ തള്ള വളരെ മോഹിച്ച ഒരു കുട്ടിയുടെ മുഖം കാണാൻ. അതിനു ഭാഗ്യമുണ്ടായില്ല.

"ഉണ്ണീ, ഉണ്ണീ, എന്നു പറഞ്ഞുതന്നെ അതിൻെറ കാലം കഴിഞ്ഞു. ഇനി ഇയ്യുള്ളവക്കും ഗതിയിതുതന്നെയല്ലേ?"

"എന്താ, മകനു് ഇനിയും ഒരാലോചനയുമില്ലേ?"

"എനിക്കൊന്നുമറിഞ്ഞുകൂടാ. എല്ലാം അവരവരായി; അവരവരുടെ കാര്യമായി. ഇയ്യുള്ളവക്കിനി എങ്ങിനെയെങ്കിലും ചാവണം; അല്ലാതെന്താ."

"ഇതിനല്ലേ ഇപ്പോൾ ഇംഗ്ലീഷു പഠിക്കുന്നതു്? കാരണവന്മാരു പറഞ്ഞതു കേൾക്കാതെ കുടുംബത്തിലേക്കു് ഒരുപകാരവുമില്ലാതെയാവാൻ."

"എന്താ ചെയ്യുക! നല്ല ബുദ്ധി തോന്നണ്ടേ? ഞാനും അച്ഛനും ദിവസംതോറം പറയാറണ്ട്. അല്ലെങ്കിൽ അവന്ന പറഞ്ഞിട്ട വേണോ? പ്രായമായില്ലേ? ഇവിടെ ആളില്ലാത്തതറിഞ്ഞുകൂടേ?"

"എന്താ പിന്നെ തടസ്സം പറയുന്നത്?"

"കാലമായില്ലത്രെ. പഠിപ്പു കഴിഞ്ഞിട്ടുവേണം; പണമുണ്ടായിട്ടു വേണം. എന്നെല്ലാം പറയും."

"പണവും പഠിപ്പും തികഞ്ഞിട്ടാണോ പണ്ടുള്ളവരൊക്കെ വേളി കഴിക്കാറ്?"

"പണ്ടുള്ളവരുടെ മാതിരിയാണോ ഇപ്പോൾ ഉള്ളവരെല്ലാം?"

"അല്ലാ, പഠിക്കുന്ന ദിക്കിലെങ്ങാനും വല്ലവരേയും കണ്ടുവെച്ചിട്ടുണ്ടായിരിക്കും."

"പഠിക്കുന്നതു വളരെ ദൂരെ ഒരു പട്ടണത്തിലാണത്രെ. നമ്മുടെ ജാതിക്കാരാരും ഇല്ലെന്നാണ് കേട്ടതു്."

"അപ്പോൾ ഊണും മററുമൊക്കെ വേണ്ടേ? കൊളമ്പിലും മററും പോയവർ പറയുന്നുണ്ട്; അവിടെ എല്ലാ ജാതിക്കാരും ഒരുപോലെയാണ് ആരുടെ ചോറേ ഉണ്ണു എന്നില്ല, എന്നൊക്കെ. അതു പോലെയാവില്ലല്ലൊ."

"ഒക്കെ സ്വയം പാകമാണത്രെ. ആവോ, ഞാൻ കേട്ടിട്ടില്ല ഇമ്മാതിരിയൊന്നും.

"നാണുവിൻെറ ഭാര്യവീട്ടിലെ രാമു ഇംഗ്ലാണ്ടിലോ എവിടേയോ പോയി മദാമ്മയെ കെട്ടിക്കൊണ്ടുവന്നിരിക്കുന്നുവെന്നു കേട്ടു. എന്തെല്ലാമാണു മനുഷ്യർക്കു ചെയ്യാൻ പാടില്ലാത്തതെന്നില്ല."

"എൻെറ ഈശ്വരാ, അങ്ങിനെയൊന്നും കാണാനും കേൾക്കാനും ഇടവരാതെ ജന്മം കഴിഞ്ഞാൽ മതിയായിരുന്നു. വേളി കഴിച്ചില്ലെങ്കിലും ഉണ്ണിയുണ്ടായില്ലെങ്കിലും വേണ്ടില്ല. എൻെറ ദൈവമേ" അമ്മ കരയുവാൻ തുടങ്ങി. അതു കേട്ടുകൊണ്ടു ഞാനുമവിടെ ചെന്നു.

ഞാൻ:— എന്താണ് അമ്മ കരയുന്നതു്? എന്തു നേരവും മനസ്സിനിങ്ങിനെ വേദനയും വിമ്മിഷ്ടവും ആയി കഴിയുന്നതെന്താണ്?"

അമ്മ:— ഒന്നുമില്ലാ വാസു. ഇയ്യുള്ളവരുടെ ജന്മമടങ്ങുന്നില്ലല്ലൊ.

ഞാൻ:— ഇപ്പോൾ എന്താ അങ്ങിനെ തോന്നാൻ? അമ്മ എന്തു സാഹസമാണു പറയുന്നതു്?

അമ്മ:— നീയിങ്ങിനെ പറയും. ആ തള്ള 'ഉണ്ണി, ഉണ്ണീ' എന്നു പറഞ്ഞു തന്നെ കഴിഞ്ഞു. അതുപോലെതന്നെ ഞാനും.......

ഞാൻ:—ഈശ്വരാ, ലോകത്തിലെ മായാബന്ധം! ആദ്യം ഒരു പുത്രനുണ്ടാവാൻ മോഹം. പുത്രനുണ്ടായാൽ ഒരു പൗത്രനുണ്ടാകാഞ്ഞിട്ടു സങ്കടം. അതും സാധിച്ചാൽ ഒരു പ്രപൗത്രന്റെ മുഖം കണ്ടിട്ടു ചത്താൽ മതിയെന്നാകും. ഇതെല്ലാം ലോകസാധാരണമെന്നു സമാധാനിക്കുക. അമ്മയെന്തിനു ഖേദിക്കുന്നു? അമ്മയ്ക്കു് ആവശ്യത്തിനു പുത്രൻ ഞാനുണ്ടു്. അതു പോരേ?

അമ്മ:—നീ ഈ പറയുന്നതു കേട്ടാൽ സന്യാസിക്കാൻ പോവുകയാണെന്നു തോന്നുമല്ലോ.

ഞാൻ:—ഞാൻ സന്യാസിക്കാനല്ല പോകുന്നതു്. ഞാൻ വിചാരിച്ച ഒരു നിലയിൽ ഇതുവരെ എത്തിച്ചേർന്നിട്ടില്ല. ആ കാലമാകുമ്പോൾ വേളികഴിക്കുവാനും ഒന്നിനും വിഷമമില്ല. അമ്മ സമാധാനിക്കു.

ഒരു നെടുവീർപ്പു മാത്രം! അങ്ങിനെയവർ സമാധാനിക്കുന്നു. മായാതോയത്തിൽ മുഴുകിയിരിക്കുന്ന പ്രപഞ്ചകീടങ്ങളുടെ മനോഭാവം!

* * * *

ഇന്നും എന്റെ മനസ്സു സ്വസ്ഥമല്ല. എന്തോ ഒന്നിന്റെ അഭാവം എന്റെ ജീവിതത്തിൽ ഒഴിച്ചുകൂടാത്തതായിരിക്കുന്നു. അതെന്താണു്? അതെങ്ങിനെ ലഭിക്കും?

എന്റെ കലാശാലാവിദ്യാഭ്യാസം ഏതാണ്ടു് അവസാനിപ്പിച്ചിരിക്കുന്നു. ഇനി ഇവിടെ സ്വസ്ഥമായിരിക്കുക! അതെങ്ങിനെയാണു്? പണവും പ്രായവും പഞ്ഞമില്ലാതെ ചിലവഴിച്ചു സമ്പാദിക്കുന്ന ഈ കലാശാലാ ബിരുദങ്ങൾ മനുഷ്യനെ ഒന്നിനും കൊള്ളരുതാതാക്കിത്തീർക്കുന്നു. ഇനി ഒരു സർക്കാരുദ്യോഗം കിട്ടിയില്ലെങ്കിൽ ഉപജീവനത്തിനു തെണ്ടിനടക്കണം. അതിനു് അഭിമാനം സമ്മതിക്കുമോ?

എന്റെ സഹപാഠികൾ—അവർ ഇപ്പോൾ എന്തുചെയ്യുകയായിരിക്കും? വല്ല ജോലിയിലും പ്രവേശിച്ചിരിക്കുമോ? എന്നെപ്പോലെ വെറുതെയിരിക്കുകയോ? അതോ ഇപ്പോഴും പഠിക്കുന്നുവോ? ആരുടേയും വിവരങ്ങൾ എനിക്കറിഞ്ഞുകൂടാ.

ഞാൻ അന്നു പോരുമ്പോൾ ആ കോമളഹൃദയത്തിൽനിന്നുമുണ്ടായ വിസ്ഫുരണങ്ങൾ എന്തെല്ലാമാണു്? "ഇല്ലത്തു ചെന്നു് ഒരു വേളികഴിച്ചു ഗൃഹസ്ഥനായിരിക്കുമ്പോൾ ഞങ്ങളേപ്പോലുള്ള സഹപാഠികളേ ചിലപ്പോഴെങ്കിലും സ്മരിക്കുമോ?" എന്നു് അർത്ഥഗൗരവത്തോടെ ഒരു ചോദ്യം.

ഉണ്ട്, ഞാൻ സ്മരിക്കുന്നുണ്ട്. എന്നാൽ എന്റെ ഉദ്ദേശങ്ങൾ നിറവേറുമോ? എന്തോ. അതാ ഒരു വശത്തു് അമ്മയുടെ ദീനഹൃദയത്തിൽനിന്നും പുറപ്പെട്ടുന്ന ചോദനാലാപങ്ങൾ മർമ്മസന്ധികളിൽ തുളച്ചുകയറുന്നു.

എനിക്കു ഭ്രാന്തുപിടിച്ചേയ്ക്കുമോ എന്നു തോന്നി. നിഷ്പ്രയോജനമെങ്കിലും ആഹ്ളാദഭൂയിഷ്ഠമായ ആധുനികവിദ്യാർത്ഥിജീവിതത്തിൽനിന്നും വിരമിച്ചതിലുള്ള അപാരവിഷാദം, എന്നിൽ അർപ്പിക്കപ്പെട്ടുന്ന ഗൃഹസംബന്ധമായ ചുമതലകളുടെ അസഹനീയങ്ങളായ ഭാരങ്ങളുടെ ഭാഗഭാക്ത്വം, താനേ മുളച്ചുയന്ന ആ നിർമ്മലസ്നേഹവല്ലിയുടെ ഭുജാവലികൾ തോളിലോട്ടു ചേൎന്നു പടരുവാൻ സാമുദായികമായും വ്യക്തിപരമായും വന്നുചേരുന്ന പ്രതിബന്ധത്താലുള്ള നൈരാശ്യതിമിരം, ഇവ എന്നെ ഒരു ഭ്രാന്തനാക്കിത്തീൎക്കാതിരുന്നെങ്കിൽ അതല്ലേ ആശ്ചര്യം!

എനിക്കു ദേശസഞ്ചാരം ചെയ്യാൽ കുറെ ആശ്വാസമുണ്ടാകുമെന്നു തോന്നി. കുറെ പണവുമുണ്ടാക്കി വല്ല ജോലിക്കും ശ്രമിക്കാമെന്നു് പറഞ്ഞു ഞാൻ പടിക്കുപുറത്തിറങ്ങി. ആ ഒരു സന്ദൎഭമാണ് എന്റെ ഹൃദയത്തിൽ അഭൂതപൂൎവ്വവും അവിചാരിതവും അകാരണവും ആയ ഒരു വെളിച്ചമുണ്ടാക്കിയതു്. അപ്പോൾ എന്റെ സൎവ്വവിഷമതകളും ദൂരെ നീങ്ങിയതായി കണ്ടു.

പതിനെട്ടു മാസത്തിനുശേഷം ഒരു ദിവസം എന്റെ വേളി കഴിഞ്ഞിരിക്കുന്നുവെന്നും അടുത്തമാസത്തെ ആദ്യതിയതിക്കു് ഞങ്ങൾ അവിടെ എത്തുന്നതാണെന്നും അച്ഛന്റെ പേൎക്കു് ഒരെഴുത്തയച്ചു. എങ്ങിനെയെങ്കിലും തങ്ങളുടെ പുത്രൻ ഒന്നു വേളികഴിച്ചുകണ്ടാൽ മതിയായിരുന്നുവെന്നു വിചാരിച്ചിരുന്ന ആ വൃദ്ധദമ്പതികൾ വേൾക്കുവാൻ പോകുന്ന പുരുഷൻ ബന്ധുമിത്രപരിവാരസമേതനായി സ്വഗൃഹത്തിൽനിന്നും പുറപ്പെട്ടുമ്പോൾ ആചരിക്കേണ്ട ചില ചടങ്ങുകളേപ്പററി അത്ര ശ്രദ്ധിച്ചില്ലായിരിക്കാം. അവരേവരും ഞങ്ങളുടെ വരവിനെ പ്രതീക്ഷിച്ചിരിപ്പായി.

അന്നുകാലത്തു് ഉത്സാഹഭരിതരായ പരിജനങ്ങളാൽ നിറയപ്പെട്ടിരുന്ന ഇല്ലത്തെ പടിപ്പുരയുടെ മുൻവശത്തു മന്ദമന്ദം ഒരു കാറ വന്നു നിന്നു. ആധുനികരീതിയിൽ (Up to date fashion) ആഡംബരിഹിതമായി വസ്ത്രധാരണം ചെയ്തിരുന്ന ഒരു കുമാരി—ഭാമ—കാറിൽനിന്നും ഇറങ്ങിയപ്പോൾ എല്ലാവരും ആശ്ചര്യത്തോടെ നിൎന്നിമേഷരായി

നോക്കിക്കണ്ടു. പിന്നാലെ ഞാനും ഇറങ്ങി. ഞങ്ങളെ അവർ എതിരേററു കൊണ്ടുപോയി.

"കഴുത്തിലേതും കാതിലേതും ഒക്കെ കളഞ്ഞു കുപ്പായമിട്ടതു് ഇപ്പോഴത്തെ പരിഷ്ക്കാരമായിരിക്കും!" എന്നു് അമ്മ അവിടെ കൂടിയ സ്ത്രീകളോടു പറഞ്ഞപ്പോൾ—

"ഇപ്പോൾ എല്ലാദിക്കിലും ഇങ്ങിനെയായിരിക്കുന്നു. അതിൽ ആശ്ചര്യപ്പെടാനില്ല" എന്നു് ഓരോ നമ്പൂതിരിഗൃഹങ്ങളിലെ വേഷമാററസമ്പ്രദായത്തെക്കുറിച്ചു് ഓരോരുത്തർ സംസാരിച്ചുതുടങ്ങി.

അച്ഛൻെറ ആശയവും വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. "ഇപ്പോഴത്തെ സ്ഥിതിക്കു കാതുംവളർത്തി വളയുമിട്ടു് അർദ്ധനഗ്നകളായി നടക്കുന്നതു കുറെ ആഭാസംതന്നെയാണു്" എന്നാണു് അദ്ദേഹം അഭിപ്രായപ്പെട്ടതു്.

കൊല്ലം രണ്ടു കഴിഞ്ഞു. അമ്മയുടെ അന്നത്തെ തപ്തബാഷ്പങ്ങൾ ഹർഷാശ്രുക്കളാൽ പ്രക്ഷാളനം ചെയ്യുവാൻ ജനിച്ച ഓമനപ്പുത്രനെ മടിയിൽ വെച്ചുകൊണ്ടു ഞാൻ ഇരിക്കുന്നു. ഞങ്ങൾ—അമ്മയും അച്ഛനും മററു ചില സ്നേഹിതരും—പരിഷ്കൃതരീതിയിൽ ഒരു വട്ടമേശയ്ക്കു ചുററും ആസനസ്ഥരായിരിക്കുന്നു. ഭാമ കാപ്പിയും പലഹാരങ്ങളും മേശപ്പുറത്തു കൊണ്ടുവന്നുവെയ്ക്കുന്നു. കൂടെയുണ്ടായിരുന്നവരിൽ ഇടത്തരക്കാരായ ചില സ്നേഹിതന്മാർ പരസ്പരം മുഖത്തോടുമുഖം നോക്കുന്നു. നോക്കു, കാലത്തിൻെറ മാററം!

അറുപത്തിനാലു വയസ്സായ ഒരു വൃദ്ധസ്നേഹിതൻ പറഞ്ഞു:—"വാസുവിൻെറ വേളിയെക്കുറിച്ചു് ഓരോരുത്തർക്കും ഓരോന്നു പറയുമ്പോൾ വല്ലാത്ത പരിഭ്രമമായിരുന്നു."

അച്ഛൻ കുറേക്കൂടി അഭിപ്രായം വ്യക്തമാക്കി:— "അല്ലാ ലോകം ഒട്ടുക്കു മാറിയിരിക്കുന്നു. ഓരോരുത്തർ ഓരോന്നു പ്രവർത്തിക്കുന്നതു കാണുമ്പോൾ അന്തർജ്ജനങ്ങൾ കുപ്പായമിടുന്നതും പുറത്തിറങ്ങി നടക്കുന്നതും ഒന്നും ഒട്ടും അധികമല്ല.

ഞാൻ:—ഭാമ ഒരു ഹരിജനബാലികയായിരുന്നു..............

* * * *

# ജ്യോതിശ്ശാസ്ത്രം.

—പണ്ഡിതർ കരുവേലി രാമൻ മേനോൻ.

## III

ഗോളസ്വരൂപവും ഗതിഭേദങ്ങളും അനുമാനംകൊണ്ടല്ലാതെ പ്രത്യക്ഷതഃ കണ്ടറിവാൻവേണ്ടി ജമ്മനി അമേരിക്ക മുതലായ രാജ്യങ്ങളിലെ നിരവധി ശാസ്ത്രാന്വേഷികൾ ഹിമവൽപാശ്വങ്ങളിലും മററും പരീക്ഷണപരന്മാരായിത്തന്നെ പര്യ്യടനംചെയ്തുപോരുന്നുണ്ടെങ്കിലും അവരുടെ പരിശ്രമത്തിനൊരനുകൂലഭാവിയെ ആശിക്കുവാനുതകുന്ന അവസരം ഇന്നും അപൂണ്ണമായിട്ടാണിരിക്കുന്നതു്. അതുകളുടെ സാമാന്യമായ പരിതഃസ്ഥിതിയെ പരിഗണിക്കുവാൻ അസ്മാദൃശന്മാക്കു് അവലംബമായിട്ടുള്ള ഗണിതത്തിന്നു കാലാതിപാതത്തിൻെറ കോളിളക്കം കാരണമായിട്ടുണ്ടാകുന്ന വ്യതിയാനത്തിൻെറ ഫലമായിട്ടു് അസാധൂകരിക്കുന്നുണ്ടെന്നുള്ള വാസ്തവാവസ്ഥ ഏതാണ്ടു് പത്തുകൊല്ലങ്ങൾക്കിപ്പുറമായിട്ടുള്ള ഗ്രഹണത്തിന്നും ഗണിതസിദ്ധമായ സമയത്തോടുള്ള അന്തരം അനുഭവപ്പെടുത്തുന്നുണ്ടെന്നു വരുമ്പോൾ പ്രകൃതി പ്രമാണത്തെ അനുസരിക്കയില്ലെന്നും, പ്രമാണം പ്രകൃതിയെ അനുകരിച്ചു ക്രമീകരിക്കപ്പെടണമെന്നാണു വ്യാപ്തിയുടെ നിയന്ത്രണമെന്നും, വ്യക്തമാകുന്നുണ്ടല്ലോ! ആ നിലക്കു പ്രകൃതിയുടെ വികൃതിയെ വിചിന്തീകരിച്ചുകൊണ്ടു് അതിൻെറ നവീകരണത്തിനുള്ള കാലം ആസന്നമാകയല്ല, അതിക്രമിക്കതന്നെ ചെയ്തിട്ടുണ്ടെന്നു പറയുമ്പോൾ സംക്രമശിഷ്ടവും, ധ്രുവസംസ്കാരവും, ദേശാന്തരവും, ചരജ്യാവു് ചാപജ്യാവു് മുതലായതുകളും സംസ്കരിച്ചു സംസിദ്ധമാകുന്ന ഗ്രഹസ്ഫുടം, ലാടം, വൈധൃതം മുതലായ ഗണിതഗണന, അനുഭവത്തിനു് അസ്പഷ്ടവുംഅഗോചരവുമായിത്തീരുന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ? അതിൻെറ അക്രമമായ അത്യാഹിതത്തിൽ അനുതപിക്കുന്ന ലോകം, ഇനിയും വല്ല വരാഹമിഹിരന്മാരേയോ പരാശരപ്രഭൃതികളേയോ പ്രതീക്ഷിക്കുന്നുണ്ടോ എന്നും നിശ്ചയമില്ല.

അല്ലെങ്കിലെന്തിനു്! ആഗമോത്തമന്മാരായ തൽകത്താക്കളുടെ ആന്തരജ്ഞാനത്തെ അഭിമുഖീകരിക്കുന്ന ആഷഗ്രന്ഥങ്ങൾ ഇപ്പോഴും അത്ര അപൂവ്വങ്ങളല്ലെന്നും പരുപരുത്തതെങ്കിലും പേരും പെരുമയും ഉള്ള ആ പഴികയ പനയോലകളിലെ പൊടിതുടച്ചുനോക്കുവാൻ സന്മന 

സ്സുള്ള പരിഷ്കൃതാശയങ്ങൾക്ക് അതിൻെറ പ്രാഭവം പ്രത്യക്ഷപ്പെട്ട കയും അതിൻെറ ആത്മാൎത്ഥതയിലൂറുകിയൂറന്ന അമൃതകണങ്ങളുടെ അനുലേപനംകൊണ്ടു സൂക്ഷ്മാവലോകനം സിദ്ധിക്കുകയും ചെയ്യുമെന്നു തത്വചിന്തകന്മാൎക്ക് ഉത്തമവിശ്വാസമുണ്ടെന്നിരിക്കെ അതിനായി അലയുന്നതേക്കാളധികം അതിൻെറ പ്രായോഗികതക്കായി പ്രയത്നിക്കു കയും ഉദാരമതികളായ ഉൽപ്പതിഷ്ണുക്കളുടെ ഔദാൎയ്യത്തോട് അഭ്യൎത്ഥി ക്കയും മാത്രമേ നമുക്കു കരണീയമായിട്ടുള്ളൂ. പ്രസംഗപരിപാടിയിൽപെട്ട ഗോളത്തെക്കുറിച്ചു വിമൎശിക്കുന്ന സന്ദൎഭം ഗണിതത്തിന്ന് ഒട്ടുംതന്നെ ഒഴിച്ചുകൂടാത്ത ഒന്നാകയാൽ അതിൻെറ അതിപ്രധാനമായ അരിഷ്ടഭാ ഗത്തെമാത്രം അവതരിപ്പിച്ചു തൽശാന്തിക്കായി സജ്ജനസമക്ഷം അപേ ക്ഷിക്കേണ്ടതായ ഒരു ശാസ്ത്രജിജ്ഞാസുവിൻെറ ചുമതലയാണ് ഈ വിഷയത്തിലേക്കെന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്.

ഇനി സന്ദൎഭവശാൽ അവശേഷിക്കുന്ന നിമിത്തം, പ്രശ്നം, മുഹൂൎത്തം എന്നീ മൂന്നു വിഷയങ്ങളിൽ മുഹൂൎത്തത്തെ മുൻപുതന്നെ വിമ ൎശിച്ചിട്ടുണ്ടല്ലോ. പ്രശ്നജാതകങ്ങൾ ഗ്രഹസ്ഥിതി കൊണ്ടുണ്ടാവുന്ന ഇഷ്ടാ നിഷ്ടങ്ങളെ വിചിന്തനം ചെയ്യുന്ന ഫലഭാഗം ആകയാൽ നിമിത്ത ശാസ്ത്രംകൊണ്ടു നിൎദ്ദേശിക്കുന്ന ദൂതലക്ഷണം, ശകുനലക്ഷണം എന്നി തുകൾ മേൽപറഞ്ഞ ഫലഭാഗത്തോട് അനുബന്ധിക്കുന്നവിധമാണ് ഉപപാദിക്കപ്പെട്ടിട്ടുള്ളതു്. ജ്യോതിശ്ശാസ്ത്രസംബന്ധമായ സൎവ്വസാരാ ൎത്ഥത്താൽ സംസ്കൃതാശയന്മാരും ആചാരപൂതന്മാരുമായ ആപ്തവചസ്സുകളെയാണു ദൈവജ്ഞശബ്ദത്തിൻെറ വ്യുൽപ്പത്തികൊണ്ടു വ്യക്തമാക്കുന്നതു്. അതിനെ വിശദമാക്കുന്ന വരാഹമിഹിരവചസ്സ് "ജോതിശ്ശാസ്ത്രവിദഢ്യോ ഗണിതപടുൎവൃത്തപാംശ്ച സത്യവചഃ വിന യീവേദാദ്ധ്യായീ ഗ്രഹയജനപടുശ്ചഭവതുദൈവജ്ഞഃ"—ജ്യോതിശ്ശാസ്ത്ര ത്തിൽ അസാമാന്യനൈപുണ്യം നേടുകയും ഗണിതഗണനയിൽ ഗണനീയമായ പദവിക്കു പൎയ്യാപ്തമാവുകയും സദാചാരനിരതനും സത്യതൽപ്പരനും വിനയാന്വിതനും വേദവിത്തമനും ആയിത്തീരുകയും ചെയ്യുവൻമാത്രമാണു ദൈവജ്ഞവ്യവഹാരത്തിന്നു വിഷയീഭവിക്കു ന്നതു്. എന്നാൽ വിനയത്തിൻേറയോ വിജ്ഞാനത്തിൻേറയോ കണികപോലും അപേക്ഷിക്കാതെ കേവലം വിഭൂതികൊണ്ടുമാത്രം ദൈവജ്ഞനാ മധാരികളായി നടക്കുന്ന ഇന്നുള്ള കപടസ്സഞ്ചികളുടെ കരളുരുക്കുന്ന കറകളഞ്ഞ കൌടില്യം ദൈവമെന്നതെന്തെന്നുപോലുമറിയാത്തതാ

ണെന്നും മണിനാദത്തിൻെറ ശ്രവണമാത്രത്തിൽ മുനിയാകുവാൻ മുതിരാവുന്നതാണെന്നും അവരുടെ മരണഗോഷ്ഠികൾ മറവിളിക്കാത്ത മനുഷ്യസമുദായം തുലോം അപൂൎവ്വമായിരുന്നു എന്നും മായമററ മനസ്ഥിതിയുള്ളവർ മനസ്സിലാക്കീട്ടുണ്ടായിരിക്കും.

മേൽപറഞ്ഞ ദൈവജ്ഞനാമം അന്വൎത്ഥമാക്കീട്ടുള്ളവർ അത്ര സുലഭമല്ലെങ്കിലും മനുഷ്യത്വത്തിൻെറ മൌലികാദൎശത്തെ മാനഭംഗം ചെയ്യാൻ മനക്കരുത്തില്ലാത്ത ഒരു മനുഷ്യൻ മാത്രമായാലും മതി. അപ്രകാരമുള്ളൊരു ജ്യോതിശ്ശാസ്ത്രജ്ഞൻ "ഉത്ഥായോഷസദേവതാം ഹൃദിനിജാം ധ്യാത്വാ" ഇത്യാദി വചനാനുരൂപമായ നിഷ്ഠയോടുകൂടി അതായത്, പ്രാതസ്സ്നാനം ചെയ്തു ദേഹശുദ്ധി വരുത്തി ദേവാൎച്ചനം ഗുരുവന്ദനം നവഗ്രഹഗണിതം മുതലായവയെ വിധിയാംവിധം അനുഷ്ഠിച്ചിരിക്കുമ്പോൾ ആഗതനാവുന്ന ആളിൻെറ പാദാദികേശം പരിശോധിച്ചറിയണമെന്നതിനെ "തച്ചേഷ്ടാദികമാകലയ്യ സകലം തൽക്കാലജാതം പുനൎജ്ജാനീയാൽ സദസന്നിമിത്തമപിചി ശ്വാസസ്ഥിതിംചാത്മനഃ" ഇത്യാദി പ്രമാണവചനത്താൽ ആഗതനായ ദൂതൻെറ ദേഹപരീക്ഷ ചെയ്യേണ്ടതിൽ പ്രധാനമായവയിൽപ്പെട്ട അവയവചേഷ്ട, മുഖഭാവം, തത്സമയം അവിചാരിതമായുണ്ടാവുന്ന നിമിത്തം, ദൂതൻ വന്നുനില്ക്കുന്ന സ്ഥലഭേദംകൊണ്ടുദിക്കുന്ന രാശി, ശുചിത്വം, പ്രാശ്നികൻെറ ശ്വരം (ശ്വാസത്തിന്നു ഇഡാവാമാപിംഗള മുതലായ നാസികളിലൂടെയുള്ള ഗമനം) ഇവകളെ സാവധാനം സുവ്യക്തമായറിയണമെന്നാണു പ്രമാണവചസ്സു പ്രതിപാദിക്കുന്നതു്. ഇപ്രകാരം അവഹിതമതിയായറിയുന്ന ആ അഭിജ്ഞനു് ആഗതൻെറ ആവശ്യം അറിയുവാനും അതിനനുരൂപമായ ഭൂതഭവിഷ്യദ്വൎത്തമാനഫലങ്ങളെ അക്ഷരംപ്രതി അനുഭവഗോചരമാംവണ്ണം വിളിച്ചുപറയുവാനും ഈ ദൂതസാന്നിദ്ധ്യമാകുന്ന നിമിത്തം ഒന്നുമാത്രം മതിയാവുന്നതാണു്. അതിനു തക്ക പാടവവും പാണ്ഡിത്യവുമുള്ളവർ ഇന്നും അപൂൎവ്വമായിട്ടെങ്കിലുമുണ്ടെന്നു പറയാവുന്നതു് അഭിമാനജനകംതന്നെയാണു്. അപ്രകാരമുള്ള വിജ്ഞന്മാരിൽ അവജ്ഞയോടുകൂടിയ കരടകപ്രമാണികൾ അകംനിറഞ്ഞ അസൂയയോടെ പുറംതുളുമ്പുന്ന പരിഹാസസ്വരത്തിൽ പിറുപിറുക്കുന്നതു് അതൊരു പഠിച്ച സേവയുടെ ഫല"മാണെന്നാണു്. വാസ്തവത്തിൽ അതു സൎവ്വജ്ഞനായ ഗുരുമുഖത്തിൽനിന്നു പഠിച്ചും അദ്ദേഹത്തേയും നവഗ്രഹവിഗ്രഹങ്ങളേയും ആരാധിച്ചും സേവിച്ചും പോന്നതിൻെറ ഫലമാണെന്നു പറ

യുന്നതിൽ അത്ഭുതപ്പെടുവാനില്ല. പക്ഷേ അവരതിനുപകരണമായി കണക്കാക്കുന്ന കുട്ടാളികൾ, കണ്ണുയക്ഷിയോ, കുട്ടിച്ചാത്തനോ, ബ്രഹ്മരക്ഷസ്സോ ആണെന്നു പറയേണ്ടിവരുന്നതിലാണ് അത്ഭുതപ്പെടുവാനുള്ളതു്. എന്നാൽ ഈ ദോഷൈകദൃക്കുകളുടെ പരിശ്രമം അവരുടെ പരിശുദ്ധമായ പരമാൎത്ഥതയെ ക്ഷതപ്പെടുത്തീട്ടില്ല, ക്ഷതപ്പെടുത്തുന്നുമില്ല.

തദനന്തരം ദൈവജ്ഞൻ ദൂതന്റെ ആവശ്യാൎത്ഥം പുറപ്പെട്ടു പുറത്തെത്തുമ്പോൾ ആദ്യമായി അഭിമുഖീരിക്കുന്നതു മുതൽ ഉദ്ദിഷ്ടസ്ഥലത്തെത്തുന്നതുവരെ മാൎഗ്ഗമദ്ധ്യത്തിൽവെച്ചു ലക്ഷീഭവിക്കുന്നവയെല്ലാം ഉററ മനസ്സിലാക്കേണ്ടതുള്ളതിൽ "വീണാവേണുമൃദംഗാദികളാലും മദ്യം പച്ച ഇറച്ചി മണ്ണു ശവവും കത്തുന്ന തീയ്യക്ഷതം" ഇത്യാദികളാലും വിതിതമായ മംഗളഗീതാവാദ്യഘോഷവിശേഷങ്ങൾ, കയററിട്ട കന്നുകാലി, കന്യക, ദാസി, അക്ഷതം, തൈര്, മദ്യം, നിറകുടം, പുഷ്പം, പുഷ്പമാല, ദീപം, എരിയുന്ന തീയ്യ് ഇതുകൾ ശുഭസൂചകങ്ങളെന്നും വെണ്ണീറ്, വിറക്, എണ്ണ, ചൂല്, മുറം, ദർഭ, പോത്ത്, കുററൻ, എള്ള്, മഴ, മോര്, ഒററയായ ബ്രാഹ്മണൻ, കയ്യിൽ വടിയുള്ളവൻ, ക്ഷൌരംചെയ്യുവൻ, അംഗവൈകല്യമുള്ളവൻ, വിധവ, പാമ്പ്, ഇരിമ്പ്, രോഗി, മാൎജ്ജാരൻ മുതലായതുകൾ എതിരായി വരുന്നതു് അശുഭനിമിത്തമായും ദൈവജ്ഞൻ കണക്കാക്കേണ്ടതാണ്.

ഇനി പ്രശ്നത്തെപ്പററി പറയേണ്ടതിൽ പലതിൽ ചിലതു മുമ്പു തന്നെ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അതിനെക്കുറിച്ചു രണ്ടുവാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. മുൻപറഞ്ഞപ്രകാരം ദൂതലക്ഷണവും ശകുനലക്ഷണവും വഴിപോലറിഞ്ഞ ദൈവജ്ഞൻ ആവശ്യക്കാരന്റെ അഭിമതപ്രകാരം പ്രശ്നത്തിന്നൊരുമ്പെട്ടപ്പോൾ ആദ്യമായി ദീപത്തെ സാക്ഷീകരിച്ചു "ഹസ്തപ്രമാണെ ചതുരശ്രഖണ്ഡെ ഷഡംഗുലാംശൈഃ വിഭജേൽദളാനി" ഒരു കോൽ അഥവാ ഒരു മുഴത്തിൽ കുറയാത്തവിധം ചതുരശ്രമായും "പ്രദക്ഷിണതയാകാൎയ്യം രാശിചക്രവിലേഖനം" രാശിചക്രത്തെ പ്രദക്ഷിണമായും ഭസ്മംകൊണ്ടു വരച്ച്അതിൽ ആറാറംഗുലം സമചതുരമായി പന്ത്രണ്ടു കക്ഷ്യകൾ വരുമാറ രൂപീകരിച്ച് ആകാശത്തിൽ രാശിചക്രമണ്ഡലത്തിൽ ഉദിക്കുന്ന ഗ്രഹങ്ങളുടെ സ്ഥിതിഭേദങ്ങളെ ഗണിച്ചറിഞ്ഞു ചക്രദളങ്ങളിൽ നാമരൂപേണ അങ്കിതമാക്കണം. അതിന്നുശേഷം

തല്ക്കാലം തനിക്കറിവാകുന്ന നിമിത്തങ്ങളെയും അതുപൎയ്യന്തം തനിക്കനുഭവപ്പെട്ട ശകുനാദിഫലങ്ങളെയും തല്ക്കാല ഗ്രഹസ്ഥിതികളെയും കൂലങ്കഷമായി പരിശോധിച്ച് അതുകളെ ഉചിതമായവിധം ക്രമീകരിച്ച് ആൎത്തനു സത്യമായ ഉത്തരം നൽകേണ്ടതാണ്. ഇതാണ യഥാൎത്ഥമായ ഒരു പ്രാശ്നികന്റെ നിലയും നിഷ്ഠയും. ഈവക നിയമകോടികൾ നിരീക്ഷണകോണിൽ പെടാത്ത നിയതിദൂഷകന്മാർ ദൈവത്തേയോ ദൈവനീതിയേയോ നിഴലിക്കപോലും ചെയ്യാതെ കേവലം ജല്പകപ്രായന്മാരായി ജീവരക്തത്തെ അരണ്ടു കുടിച്ചുംകൊണ്ട്, ആസന്നമരണന്നു് അമിതായുര്യോഗവും ഉരലിന്നു് ഉന്മാദദോഷവും ഇല്ലിക്കൂട്ടിന്നു അഷ്ടരാശിക്കൂറും മരിച്ച കുട്ടിക്കു മഹാഭാഗ്യയോഗവും, അശ്രീകരന്നു ശശിമംഗളയോഗവും വിധിച്ച് അമരത്വം ആടിക്കളിച്ചിരുന്ന ആ സുവൎണ്ണകാലം ഇങ്ങിനിവരാതവണ്ണം എങ്ങോ പോയി മറഞ്ഞുകഴിഞ്ഞു. ഇനിയും ആ ദുരദൃഷ്ടത്തിന്റെ ധൂമോദയം ഉത്ഭവിക്കാതിരിക്കാനിന്നു് അവനിക്കുടയ ധന്യനായ പൊന്നുതിരുമേനിയുടെയും വിദ്യാവിശാരദരായ വിദഗ്ദ്ധജനാനുകമ്പയുടെയും അനുഗ്രഹഫലമായി അരിഷ്ടദോഷമകന്നു വളൎന്നുവരുന്ന ഈ ശാസ്ത്രസന്തതിയുടെ വിഹാരവിലാസത്തിൽ അത്യാനന്ദംകൊള്ളുന്ന ജനമാനസം അരുണഭാസ്സേറ്റുണരുന്ന അരവിന്ദംപോലെ വികാസശുദ്ധിയാൎന്നു വിജയിക്കുവാൻ ആശിക്കുകയും അതിന്നായി അന്നപൂൎണ്ണയായ അപൎണ്ണയോട് അഭ്യൎത്ഥിക്കയും ചെയ്തുകൊണ്ട് അല്പജ്ഞനായ എന്റെ ജല്പനത്തിൽ വന്നുപോയിട്ടുണ്ടാകാവുന്ന വികല്പങ്ങളോ വിട്ടുവീഴ്ചകളോ അഭിജ്ഞഹൃദയം അപലപിക്കയില്ലെന്നുള്ള പൂൎണ്ണവിശ്വാസത്തോടെ ഈ നിരൂപണത്തെ സ്വരൂപിപ്പിച്ചുകൊള്ളുന്നു.

# പുഷ്കിൻ.

—കെ. വാസന്തി.

മഹാന്മാരെ മൂന്നായിട്ടാണ് ഷെക്ക്സ്പിയർ തരംതിരിക്കുന്നത്. ചിലർ മഹാന്മാരായി ജനിക്കുന്നു; ചിലർ മഹത്വത്തെ സമ്പാദിക്കുന്നു; ചിലരിൽ മഹത്വം ആരോപിക്കപ്പെടുന്നു. ജനനവും പരിസരങ്ങളും എങ്ങിനെയായാലും വേണ്ടില്ല, സ്വപ്രയത്നംകൊണ്ടു ലോകത്തിൽ ഉയർച്ചയും ലോകത്തിന്റെ ശാശ്വതമായ കൃതജ്ഞതക്ക് അർഹതയും ആർ സമ്പാദിക്കുന്നുവോ അയാളത്രെ യഥാർത്ഥത്തിൽ മഹാൻ. അത്തരത്തിലുള്ള ഒരു മഹാപുരുഷനാണ് റഷ്യൻ മഹാകവി പുഷ്കിൻ.

സുന്ദരങ്ങളും ഹൃദയാവർജ്ജകങ്ങളുമായ കാവ്യതല്ലജങ്ങൾ രചിച്ച ഒരു രാഷ്ട്രത്തിന് അതിന്റെ അന്തസ്സിനു യോജിച്ച ഒരു ഭാഷകൂടി സൃഷ്ടിച്ച ഒരു മഹാപുരുഷനാണ് അദ്ദേഹം. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസാഹിത്യത്തിന് എന്തു ചെയ്തുവൊ, അതാണ് പുഷ്കിൻ റഷ്യൻ സാഹിത്യത്തിനു ചെയ്തത്. മൊരടിച്ച, വളച്ചയില്ലാത്ത ഒരു ഭാഷയെ അദ്ദേഹം ലോകത്തിലേക്കുവെച്ച് ഏററവും സുന്ദരവും ലളിതവും ആയ ഒരു ഭാഷയാക്കിത്തീർത്തു. നൂറു കൊല്ലങ്ങൾക്കു മുമ്പ് പുഷ്കിൻ എഴുതിയ ഭാഷയാണ് ഇന്നും റഷ്യൻ സാഹിത്യത്തിലെ ഏററവും സുന്ദരവും ശുദ്ധവും ആയ ഭാഷ.

എന്നാൽ തന്റെ സാഹിത്യത്തിന്റെ ബാഹ്യമായ സൌന്ദര്യവും സംശുദ്ധിയും അല്ല പുഷ്കിനെ ഇത്രയും പ്രസിദ്ധനും സ്മരണീയനും ആക്കിത്തീർത്തത്. അതിന്റെ ആഭ്യന്തരമായ ശുദ്ധിയും സൌന്ദര്യവുമത്രെ. സത്യമെന്നു താൻ സുദൃഢമായി വിശ്വസിച്ചിരുന്നതിനു മാത്രമെ അദ്ദേഹം തന്റെ സാഹിത്യത്തിൽ സ്ഥാനം കൊടുത്തുള്ളു. ദീനരുടേയും ദ്രോഹിക്കപ്പെട്ടവരുടേയും ആപ്തമിത്രവും അസത്യത്തിന്റേയും അധർമ്മത്തിന്റേയും ബദ്ധശത്രുവും ആയിരുന്നു അദ്ദേഹത്തിന്റെ സാഹിത്യം. സത്യം പറഞ്ഞതുകൊണ്ടുണ്ടാകാവുന്ന ഭവിഷ്യത്തുക്കളെ, ഉപദ്രവങ്ങളെ, അദ്ദേഹം തെല്ലും കൂസിയില്ല. ഈ കഠിനമായ സത്യനിഷ്ഠമൂലം അദ്ദേഹത്തിനു മാനഹാനിയും, നാടും വീടും വിട്ടു പോകേണ്ടിവരികയും, ഉണ്ടായി. എന്നാലും തന്റെ സാഹിത്യത്തെ വ്യഭിചരിപ്പിക്കാൻ അദ്ദേഹം സന്നദ്ധനായില്ല. ജനസമൂഹത്തിന്റെ ക്ഷേമത്തേയും ഐശ്വര്യത്തേയും അടിച്ചമർത്തിയിരുന്ന സാറിന്റെ ദുഷ്പ്രഭുത്വത്തെ അദ്ദേഹം നിശിതമായ ഭാഷ

യിൽ ഭരസിച്ചു; സാധുക്കളുടെ ഹൃദയങ്ങളിൽ തിരതല്ലുന്ന വികാരങ്ങളെ ഹൃദയസ്പൃക്കാവുംവണ്ണം അദ്ദേഹം വർണ്ണിച്ചു. തന്റെ നാതിദീഘമായ ജീവിതകാലത്തു് അപമാനമല്ലാതെ പുഷ്കിനു മററൊന്നും ലഭിച്ചില്ല. എന്നാൽ അത്രവേഗം നിരാശനാവുന്ന ഒരാളല്ലായിരുന്നു അദ്ദേഹം. ശുഭ പ്രതീക്ഷ ഒരിക്കലും അദ്ദേഹത്തെ ഉപേക്ഷിച്ചിരുന്നില്ല. "എന്റെ കീത്തി റഷ്യ മുഴുവൻ പരക്കും," അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി. "ഈ മഹാസാമ്രാജ്യത്തിലെ എല്ലാ ജനസമുദായങ്ങളും എന്നെ മനസ്സിലാക്കുകയും ഓക്കുകയും ചെയ്യും." എത്ര വാസ്തവമായിത്തീന്ന ഒരു പ്രവചനം! പുഷ്കിൻ കണ്ട സ്വപ്നങ്ങളും പ്രതിപാദിച്ചിരുന്ന ആദശ്ങ്ങളും ഇന്നു റഷ്യയിൽ സാധിതസംഗതികളായിരിക്കുന്നു. സാറിന്റെ ദുഷ്പ്രഭുത്വം അതിന്റെ ദുഷിച്ച എല്ലാ വേരുകളോടുംകൂടി അവിടെനിന്നും പിഴുതുകളയപ്പെട്ടു. അവിടുത്തെ മഹാജനസഞ്ചയം ആദരവോടും കൃതജ്ഞതയോടും കൂടി പുഷ്കിനെ ഇന്നു സ്മരിക്കുന്നു.

1799 മെയ്മാസം 26-ാംനു മോസ്കോവിലാണു് അലക്സാന്തർ സർജിവിച്ചു് പുഷ്കിൻ ഭൂജാതനായതു്. അദ്ദേഹത്തിന്റെ അച്ഛൻ പ്രഭുകുഡുംബജനായിരുന്നു. മഹാനായ പീററർ ചക്രവത്തിയുടെ ഒരു നീഗ്രോ അടിമയുടെ പൌത്രിയായിരുന്നു അദ്ദേഹത്തിന്റെ അമ്മ. സാംസ്കാരികമായ വളച്ചക്കു് ഏററവും അനുയോജ്യമായ പരിസരങ്ങൾ പുഷ്കിനു ജന്മസിദ്ധമായിരുന്നു. അദ്ദേഹത്തിന്റെ ഒരു അമ്മാമൻ ഒരു കവി. അടുത്ത മററൊരു ബന്ധു പേരുകേട്ടൊരു സാഹിത്യകാരൻ; ബന്ധുവഗ്ഗത്തിൽപെട്ട ചില കലാകാരന്മാർ കൊട്ടാരവൃത്തങ്ങളിൽ സ്വാധീനശക്തിയുള്ളവർ — ഇങ്ങിനെയൊക്കെയായിരുന്നതു ബാലനായ പുഷ്കിന്റെ സാഹിത്യവാസനയ്ക്കു് ഒന്നാംതരം താങ്ങും തണലുമായി. ആയിടക്കു് മാത്രം തുറക്കപ്പെട്ടിരുന്നതും, പ്രഭുപുത്രന്മാക്കു മാത്രം പ്രവേശം അനുവദിക്കപ്പെട്ടിരുന്നതും, സാർചക്രവത്തിയുടെ പ്രത്യേക രക്ഷാധികാരത്തിലും മേൽനോട്ടത്തിലും വത്തിച്ചിരുന്നതുമായ ലിസിയം കലാലയത്തിലെ ഒരു അന്തേവാസിയായി 1811-ൽ പുഷ്കിൻ പ്രവേശിച്ചു.

പുഷ്കിന്റെ വികസ്വരമായ കലാവാസനക്കു് വെളിച്ചവും സൌരഭ്യവും നല്കിയതു് അദ്ദേഹത്തിന്റെ ധാത്രിയായ അറിനാ റൊഡിനോവന എന്ന ഒരു സ്ത്രീയാണു്. പ്രഭുകുഡുംബത്തിൽ ജനിച്ച ആ ബാലൻ എതിരില്ലാത്ത ഗവ്വോടും, സാമാന്യജനങ്ങളോടു് അവജ്ഞയോടുംകൂടി വളന്നുവന്നേനെ. എന്നാൽ സാധുക്കളോടും മറ്റിതരോടും

അനുകമ്പയും, മനുഷ്യരോടു സമത്വവും ആ കുരുന്നുഹൃദയത്തിൽ ആ വൃദ്ധസ്ത്രീ കുറേശ്ശ കുറേശ്ശയായി കുത്തിക്കയററി. അവളുടെ പഴങ്കഥകളും പാട്ടുകളും കേൾക്കാതെ ഒരു ദിവസമെങ്കിലും ആ ബാലനു് ഉറക്കം വരില്ലെന്നു വന്നു. താനുൾപ്പെട്ട റഷ്യയിലെ വമ്പിച്ച ജനസാമാന്യത്തിൻെറ ദയനീയാവസ്ഥകളേയും, പ്രഭുക്കന്മാർ അവരെ നിർദ്ദയം ചൂഷണംചെയ്യുന്നതിനേയും അവൾ കഥയായും പാട്ടായും ആ കുട്ടിക്കു നിത്യവും പറഞ്ഞുകൊടുക്കും. തൽഫലമായി, റഷ്യയിലെ കുലീനമായ ഒരു പ്രഭുകുഡുംബത്തിൽ ജനിച്ച ആ ബാലൻ, തൻെറ വംശത്തിനു് എതിരായി, തൻെറ വർഗ്ഗക്കാരുടെ എല്ലാത്തരം ചൂഷണങ്ങളേയും അവഹേളിച്ചുകൊണ്ടു്, സാധുക്കളുടെ അവകാശങ്ങളെ പാടിയ പ്രഥമനും പ്രധാനനുമായ കവിയായി. പുഷ്കിനും ധാത്രിയും തമ്മിലുള്ള സൌഹാർദ്ദം ആജീവനാന്തം നിലനിന്നു. അനന്തരകാലത്തു് അദ്ദേഹത്തെ മൈക്കലോവസ്കോവിലേക്കു നാടുകടത്തിയപ്പോൾ ഈ സ്നേഹമയിയായ ധാത്രി മാത്രമാണ പുഷ്കിനെ അനുഗമിച്ചതു്. ഇന്നു റഷ്യയിലെ കുഞ്ഞുങ്ങൾ എത്രയും ആനന്ദത്തോടുകൂടി തങ്ങളുടെ അമ്മമാരുടെ സ്നേഹമസൃണമായ മുഖങ്ങളിൽനിന്നും കേട്ടുവരുന്ന പുഷ്കിൻെറ കഥകളിൽ ഏറിയകൂറും അന്നു് ആ ധാത്രിയുടെ പക്കൽനിന്നും പുഷ്കിൻ കേട്ടു പഠിച്ചതാണു്.

ബാലന്മാർ കളിക്കോപ്പുകൾക്കായി വാശിപിടിക്കുന്ന പ്രായത്തു പുഷ്കിൻ പുസ്തകങ്ങൾക്കുവേണ്ടിയാണ വാശിപിടിച്ചതു്. സാമാന്യം നല്ല ഒരു ഗ്രന്ഥശാല അദ്ദേഹത്തിന്നുണ്ടായിരുന്നു. എന്നാൽ ഒമ്പതുവയസ്സായപ്പോഴേക്കും ആ അത്ഭുതബാലൻ അതിലുള്ള പുസ്തകങ്ങളത്രയും വായിച്ചു തീർത്തുവത്രെ.

ലിസിയം കലാലയത്തിലെ ജീവിതം പുഷ്കിൻെറ സാഹിത്യപരമായ പുരോഗതിക്കു വളരെ സഹായമായി. ഏററവും കുലീനരും സംസ്കൃതചിത്തരുമായ സഹപാഠികളും, ഒന്നാംതരം പഠനസാമഗ്രികളും, അതിശ്രേഷ്ഠന്മാരായ അദ്ധ്യാപകന്മാരും അവിടെ ഉണ്ടായിരുന്നു. സാർ ചക്രവർത്തിയുടെ ദുർഭരണത്തെ അവഹേളിച്ചിരുന്ന ഒരു സ്വകാര്യസംഘംകൂടി ആ കലാലയത്തിൽ ഉണ്ടായിരുന്നു. ഈ വിദ്യാർത്ഥിസംഘമാണ 'ഡിസമ്പ്രിസ്റ്റസ്' എന്നു പിന്നീടു പ്രസിദ്ധമായ വിപ്ലവസംഘമായി വളൎന്നുവന്നതു്. (അതിലെ ചോരത്തെറിപ്പുള്ള യുവാക്കന്മാരെല്ലാംതന്നെയും കൊല്ലപ്പെടുകയോ നാടുകടത്തപ്പെടുകയോ ഉണ്ടായി.)

സ്വാതന്ത്ര്യത്തിനും പൌരാവകാശത്തിനും വേണ്ടി അന്നു തന്നെ വാദിച്ചുതുടങ്ങിയ പുഷ്കിൻ ആ വിദ്യാൎത്ഥിസംഘത്തിലെ ഒരു നായകനായിരുന്നു. സാർ ചക്രവൎത്തിയെപ്പററി ആ വിദ്യാൎത്ഥി നായകൻ അന്നു് എഴുതിയിരുന്ന ചില പരിഹാസ്യകാവ്യങ്ങൾക്കു റഷ്യയിലെ ഹാസസാഹിത്യത്തിൽ ഇന്നും ഗണ്യമായ ഒരു സ്ഥാനം നൽകപ്പെട്ടിരിക്കുന്നു.

1817-ൽ പുഷ്കിൻ ലിസിയത്തിൽനിന്നും പുറത്തുവന്നു. പിന്നീടു കുറച്ചുകാലം സെൻറ് പീറേറർസ്ബൎഗ്ഗിലെ പ്രഭുവൃത്തങ്ങളിൽ ആട്ടവും പാട്ടുമായി വളരെ അലസമായ ഒരു ജീവിതമാണു് അദ്ദേഹം നയിച്ചതു്. അക്കാലത്തു റഷ്യയിലെ വിദേശകാൎയ്യമന്ത്രിയുടെ ആപ്പീസിൽ അദ്ദേഹത്തിനു് അത്ര മോശമല്ലാത്ത ഒരു ഉദ്യോഗം കിട്ടി.

ഇക്കാലത്തു പുഷ്കിനു പതിനെട്ടു വയസ്സു പ്രായമായിരുന്നു. അലസവും ഉദ്ദേശരഹിതവുമായ ജീവിതം നയിക്കുന്ന പ്രഭുക്കളുടെ കൂട്ടത്തിൽ കൂടി, തൻെറ വിദ്യാൎത്ഥിജീവിതകാലത്തെ മഹനീയങ്ങളായ ആദൎശങ്ങളേയും, ഉൽകൃഷ്ടമായ കലാവാസനയേയും അദ്ദേഹം വിസ്മരിച്ചുതുടങ്ങിയതാണു്. എന്നാൽ അദ്ദേഹത്തിൻെറ സ്നേഹിതന്മാർ അദ്ദേഹത്തെ രക്ഷിച്ചു. ഇത്രയും അനുഗൃഹീതമായ ഒരു കലാവാസന ഇങ്ങിനെ പാഴായിപ്പോകുവാനുള്ളതല്ലെന്നു അവർ ശഠിച്ചു. ഒടുവിൽ പുഷ്കിനും അതു ബോദ്ധ്യമായി. റഷ്യയിലെ പുളപ്പെടുക്കുന്ന അനേകായിരം പ്രഭുക്കന്മാരിൽ ഒരുവൻ മാത്രമല്ല താനെന്നും, അനേകലക്ഷങ്ങളിൽ ഒരുവനു മാത്രം ലഭിക്കുന്ന ബുദ്ധിശക്തിയാൽ അനുഗൃഹീതനാണു താനെന്നും പുഷ്കിനു നല്ലവണ്ണം ബോദ്ധ്യമായി. തൻെറ സാഹിത്യവ്യാപാരത്തെ അദ്ദേഹം വീണ്ടും ആരംഭിച്ചു. അക്കാലത്തെ ഗവൎമ്മേണ്ടിനെ കളിയാക്കിക്കൊണ്ടുള്ള പുഷ്കിൻെറ അനേകം കവിതകളിലൊന്നുംതന്നെയും അച്ചടിക്കപ്പെട്ടിട്ടില്ല. എന്നാൽ ഇന്നും അവയെ കേട്ടുകേൾപ്പിച്ചു മനഃപാഠമാക്കാത്ത ഒരു സാഹിത്യരസികനൊ രാജ്യതന്ത്രജ്ഞനൊ റഷ്യയിലില്ല.

1820-ലാണു പുഷ്കിൻെറ ആദ്യത്തെ പ്രധാന കൃതിയായ "റഷ്യനും ലുഡ്മില്ലയും" പൂൎത്തിയായതു്. ആ കൃതി പുറത്തുവരുന്നതിനു മുമ്പുതന്നെ പുഷ്കിൻെറ കീൎത്തി പരന്നുതുടങ്ങിയിരുന്നു. ജനങ്ങൾക്കുവേണ്ടി ഗവൎമ്മേണ്ടിനോടു മല്ലടിക്കുന്ന ഈ ചെറുപ്പക്കാരൻ കവിയെപ്പററി അന്നത്തെ സാർചക്രവൎത്തി അലക്സാണ്ടർ ഒന്നാമനും

കേട്ടു. ഇങ്ങിനെയുള്ള ദേശഭക്തന്മാക്ക് ഒരേ ഒരു സ്വാഗതമാണ്
അന്നത്തെ സാർഗവമ്മേണ്ട നൽകിയിരുന്നത്—സൈബീറിയയി
ലേക്കു നാടുകടുത്തൽ! പുഷ്കിനും സൈബീറിയായിലേക്കു നാടുകട
ത്തപ്പെട്ടേനെ. എന്നാൽ അദ്ദേഹത്തിൻെറ ബന്ധുവർഗ്ഗത്തിൽപെട്ട
ചിലക്ക് കൊട്ടാരവൃത്തങ്ങളിൽ കുറേ സ്വാധീനശക്തിയുണ്ടായിരുന്നതു
കൊണ്ടു പുഷ്കിനു് അത്രതന്നേയും കഷ്ടപ്പെടേണ്ടിവന്നില്ല. റഷ്യയുടെ
തെക്കുഭാഗത്തുള്ള കാക്കസിലേക്കും അവിടെനിന്നും ക്രമിയായിലേക്കു
മാണ് അദ്ദേഹത്തെ നാടുകടത്തിയതു്.

"ഉർവ്വശിശാപം ഉപകാരം" എന്നു പറഞ്ഞതുപോലെയാണ്
ഈ ബഹിഷ്കരണം പുഷ്കിനു് അനുഭവപ്പെട്ടതു്. പീറേറർസ്ബർഗ്ഗിലെ
ജീവിതത്തിൽ ഒരിക്കലും കണ്ടുമുട്ടുവാൻ സാധിക്കുമായിരുന്നില്ലാത്ത പല
ജനസമുദായങ്ങളുമായി പരിചയപ്പെടുവാൻ പുഷ്കിനു സാധിച്ചു. പുഷ്കി
ൻെറ പ്രസിദ്ധങ്ങളായ പല കഥകളുടേയും സാമഗ്രികൾ ഇക്കാല
ത്താണ് അദ്ദേഹം സമ്പാദിച്ചതു്. ഇക്കാലത്തുതന്നെയാണ് അന്നു
യൂറോപ്പിൽ ഏററവും പ്രസിദ്ധപ്പെട്ടിരുന്ന ഇംഗ്ലീഷ് മഹാകവി ബൈറ
ണുമായി അദ്ദേഹം പരിചയപ്പെട്ടതും. പുഷ്കിൻെറ അത്യുൽകൃഷ്ടങ്ങ
ളായ പല കൃതികളും ഇക്കാലത്താണു പുറത്തുവന്നതു്.

എന്നാൽ പുഷ്കിൻേറതുപോലെയുള്ള ഒരു സ്വാതന്ത്ര്യബുദ്ധിക്കു്
അന്നു റഷ്യയിൽ എവിടേയും പിഴയ്ക്കുവാൻ കഴിവുണ്ടായിരുന്നില്ല.
തെക്കൻപ്രദേശങ്ങളിലെ ഗവർണ്ണക്കും ഈ ഉപരിപ്ലവബുദ്ധിയായ ചെറു
പ്പക്കാരൻെറ സാഹിത്യപരിശ്രമങ്ങൾ അസഹ്യങ്ങളായി തോന്നി. തൽ
ഫലമായി പുഷ്കിൻ ക്രമിയായിൽനിന്നും തിരിച്ചയക്കപ്പെട്ടു.

1825-ൽ സാർ അലക്സാണ്ടർ ഒന്നാമൻ മരിച്ചു. അതിനെത്തു
ടൎന്നാണു ഡിസംബ്രിസ്ററ് വിപ്ലവമുണ്ടായതു്. പുതിയ സാറായ
നിക്കോളെ ഒന്നാമൻ ഈ വിപ്ലവക്കാരെയെല്ലാം ഒന്നു സമാധാനിപ്പിക്കു
വാൻ ശ്രമിച്ചു. അദ്ദേഹം പുഷ്കിനെ ക്ഷണിച്ചുവരുത്തുകയും അദ്ദേഹത്തി
ൻെറ സാഹിത്യപരിശ്രമങ്ങൾക്കു പരിപൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചു
കൊടുക്കാമെന്നു് അന്നു വാഗ്ദത്തം ചെയ്യുകയുമുണ്ടായി. എന്നാൽ
ഈ സ്വേച്ഛാപ്രഭുക്കളുടെ വാഗ്ദത്തമെല്ലാം എന്നും ഒരുപോലെത്തന്നെ
യാണ്. അവർ വാഗ്ദത്തം ചെയ്യുന്നതിനു മുമ്പുതന്നെ അതിനെ
ലംഘിക്കുന്നു. മുമ്പുണ്ടായിരുന്നതിനെക്കാൾ കൂടുതൽ അസ്വാതന്ത്ര്യ
മാണ് ഇക്കാലത്തു പുഷ്കിനു് അനുഭവപ്പെട്ടതു്. അദ്ദേഹത്തിൻെറ പല

കൃതികളും എഴുതിക്കഴിഞ്ഞതിനുശേഷം പുറത്തുവരുവാനായി രണ്ടും മൂന്നും കൊല്ലം കാത്തിരിക്കേണ്ടിയിരുന്നു. അത്രയും തടസ്ഥങ്ങളാണു ഗവൎമ്മേണ്ടു് അദ്ദേഹത്തിൻെറ മുമ്പിൽ വലിച്ചിട്ടിരുന്നതു്. ഒടുവിൽ നിരാശനായി 1830-ൽ അദ്ദേഹം സ്വമനസ്സാലെ തലസ്ഥാനം വിട്ടു ബോൾഡിനൊ എന്ന ഗ്രാമത്തിലേയ്ക്കു മാറിത്താമസിച്ചു.

ഇവിടെവെച്ചു പുഷ്കിൻെറ സാഹിത്യജീവിതത്തിൽ നവമായ ഒരു അദ്ധ്യായമെഴുതപ്പെട്ടു. ഇന്നു ലോകപ്രസിദ്ധമായ "ബെൽക്കിൻെറ കഥകൾ" എന്ന ഗദ്യകൃതി ഇവിടെ വെച്ചാണു് അദ്ദേഹം എഴുതിയതു്. ഇതുവരെ പദ്യസാഹിത്യത്തിലേ പുഷ്കിൻ കൈവെച്ചിരുന്നുള്ളു. ഈ നവമായ വ്യതിയാനം റഷ്യൻ സാഹിത്യലോകത്തിൽ ഒരു വിപ്ലവം തന്നെയുണ്ടാക്കിത്തീൎത്തു. ഇത്രയും അക്ലിഷ്ടവും സുന്ദരവുമായ ഒരു ഭാഷയാണു റഷ്യനെന്നു് അന്നേ ലോകർ മനസ്സിലാക്കിയുള്ളുവത്രെ. ഇതിനെത്തുടൎന്നു ഇക്കാലത്തുതന്നെ അദ്ദേഹം അനവധി അനവദ്യങ്ങളായ ഗദ്യകൃതികൾ വിരചിക്കുകയുണ്ടായി.

1831-ൽ പുഷ്കിൻ മോസ്കോവിലേക്കുതന്നെ തിരിച്ചുവന്നു വിവാഹം ചെയ്തു. നടല്യ ഗോഞ്ചറോവ സുന്ദരിയും റഷ്യയിലെ കുലീനയായ ഒരു പ്രഭുകുമാരിയുമായിരുന്നു. പക്ഷെ ഈ ബന്ധം പുഷ്കിനെ സംബന്ധിച്ചേടത്തോളം വളരെ അനാശാസ്യങ്ങളായ ഫലങ്ങളെയാണു് ഉണ്ടാക്കിയതു്. അദ്ദേഹത്തിനു സൌഖ്യത്തേയൊ കീൎത്തിയേയൊ പ്രദാനം ചെയ്വാൻ അതു പൎയ്യാപ്തമായില്ല. അത്ഭുതാവഹമായ അദ്ദേഹത്തിൻെറ കലാചാതുരി തിരെ അദൃശ്യമാവാൻ തുടങ്ങി. അദ്ദേഹത്തിൽനിന്നും സാഹിത്യലോകം ആൎത്തിയോടുകൂടി പ്രതീക്ഷിച്ചിരുന്ന യാതൊന്നുംതന്നെ അക്കാലത്തു പുറത്തു വരികയുണ്ടായില്ല. റഷ്യയിലെ ഉയൎന്ന സമുദായത്തിൽ സമുന്നതമായ ഒരു സ്ഥാനമുണ്ടായിരുന്നു അദ്ദേഹത്തിൻെറ ഭാൎയ്യക്കു്. ആ സ്ത്രീയുടെ സ്ഥിതിക്കൊപ്പം ജീവിക്കുവാൻവേണ്ടി വളരെ സമയത്തേയും പണത്തേയും അദ്ദേഹത്തിനു വ്യയം ചെയ്യേണ്ടതുണ്ടായിരുന്നു. അദ്ദേഹത്തിനു പരമ്പരാഗതമായ വസ്തുക്കളിൽനിന്നു നഷ്ടമല്ലാതെ ലാഭം ഒന്നും ലഭിച്ചിരുന്നില്ല. സാഹിത്യവ്യാപാരം അന്നു റഷ്യയിൽ വളരെ ആദായകരമായ ഒരു തൊഴിലല്ലായിരുന്നു. എന്നുതന്നെയല്ല, എഴുതുവാനാണെങ്കിൽ പുഷ്കിനിപ്പോൾ സമയമൊ സൌകൎയ്യമോ ഉണ്ടായിരുന്നുമില്ല. മററു നിവൃത്തിയൊന്നുമില്ലെന്നായപ്പോൾ ഒരു ഗവൎമ്മേണ്ടു് ഉദ്യോഗം ലഭിക്കുവാൻ

അദ്ദേഹം ശ്രമിച്ചു. വളരെ പ്രയാസം കൂടാതെ അദ്ദേഹത്തിനു് ഒന്നു ലഭിക്കുകയും ചെയ്തു. അതോടുകൂടി പുഷ്കിൻെറ അധഃപതനം മൂൎത്തീകരിച്ചു. തടംതല്ലിത്തകൎത്തു ഒഴുകിയിരുന്ന ആ കവിതാനിർഝരി എന്നെന്നേക്കുമായി വററിപ്പോയി.

പുഷ്കിൻ തങ്ങളുടെ വലയിൽ വീണു എന്നു തീൎച്ചയായപ്പോഴാണു നീചബുദ്ധിയായ ഗവമ്മേണ്ടു അദ്ദേഹത്തോടുള്ള അതിൻെറ പഴയ പക പോക്കുവാൻ തുടങ്ങിയതു്. റഷ്യയിലെ ഡച്ച് അമ്പാസിഡരുടെ വളൎത്തുപുത്രനായ ഡാണ്ടിസ്സ് എന്ന ഒരു ഫ്രഞ്ചുകാരൻേറയും പുഷ്കിൻെറ ഭാൎയ്യയുടേയും പേരുകൾ കൂട്ടിച്ചേൎത്തു കുത്സിതമായ ഒരു അപവാദത്തെ ഗവമ്മേണ്ടു ദ്രോഹബുദ്ധിയോടുകൂടി പറഞ്ഞു പരത്തി. അപവാദം അസഹ്യമായപ്പോൾ, പുഷ്കിൻ ഡാണ്ടിസ്സിനെ ദ്വന്ദയുദ്ധത്തിനു വെല്ലുവിളിച്ചു. ഇതുതന്നെയാണു് പുഷ്കിൻെറ ശത്രുക്കളും ഉദ്ദേശിച്ചിരുന്നതു്. അന്നു യൂറോപ്പിലേക്കുവെച്ച് ഏററവും പ്രസിദ്ധനായ ഒരു യോദ്ധാവായിരുന്നു ഡാണ്ടിസു്. അയാളുമായുള്ള ഒരു ഏററമുട്ടലിൽ പുഷ്കിനു അപായം വരാതിരിക്കുക അനിവാൎയ്യമെന്നു് അവർ അറിഞ്ഞിരുന്നു. ഫലവും അങ്ങിനെത്തന്നെയായി. 1837 ജനുവരി 27-ാംനു-യുണ്ടായ ഈ ദ്വന്ദയുദ്ധത്തിൽ പുഷ്കിനു സാരമായ ഒരു പരുക്കേററു. രണ്ടുദിവസത്തെ കഠിനമായ വേദനയനുഭവിച്ചശേഷം തൻെറ 38-ാമത്തെ വയസ്സിൽ ആ മഹാകവി ദിവംഗതനായി.

ഇത്രയും ചെറുപ്പത്തിലും ഇത്രയും പൊടുന്നനേയുമുള്ള പുഷ്കിൻെറ മരണത്തെപ്പററി കേട്ടപ്പോൾ റഷ്യ മുഴുവൻ അമ്പരന്നു പോയി. അദ്ദേഹത്തിൻെറ ശവശരീരമെങ്കിലും ഒരു കണ്ണു കാണ്മാനും ആ പുണ്യാത്മാവിനു നിത്യശാന്തി ആശംസിക്കുവാനുമായി ആയിരക്കണക്കിനാണു് ജനങ്ങൾ അദ്ദേഹത്തിൻെറ ഗൃഹത്തിലേക്കു പാഞ്ഞുവന്നതു്. എന്നാൽ അദ്ദേഹത്തിൻെറ ശവത്തെക്കൂടിയും പക പോക്കുവാനാണു് അന്നത്തെ റഷ്യൻ ഗവമ്മേണ്ടു് തുനിഞ്ഞതു്. ജനങ്ങളുടെ യാതൊരു തരത്തിലും പരസ്യമായ ശോകപ്രകടനത്തിനു് അതു് അനുവദിച്ചില്ല. പുഷ്കിൻെറ ഇത്ര പെട്ടെന്നുള്ള മരണത്തിൻെറ കാരണംതന്നെ പോലീസ്സ് വളരെ രഹസ്യമായാണു് സൂക്ഷിച്ചതു്. 1847 ൽ—പുഷ്കിൻ മരിച്ചതിനു പത്തു കൊല്ലത്തിനുശേഷം—ആണു് അദ്ദേഹത്തിൻെറ മരണത്തെ ചുററപ്പെട്ടിരുന്ന രഹസ്യങ്ങളൊക്കെയും

പൊതുജനങ്ങൾ അറിഞ്ഞതു്. ഗവമ്മെണ്ടു് അതിൽ അത്രത്തോളം മനസ്സിരുത്തിയിരുന്നു!

സോവിയററ ഗവമ്മേണ്ടിന്റെ ആവിർഭാവത്തോടുകൂടിയാണു് പുഷ്കിനു് അദ്ദേഹം അർഹിക്കുന്ന സ്ഥാനം സാഹിത്യലോകത്തിൽ ലഭിച്ചതു്. പുഷ്കിന്റെ കൃതികൾക്കെല്ലാം പുതിയ പുതിയ പതിപ്പുകളാണു് അവിടെയിന്നു ദൈനന്ദിനമുണ്ടാവുന്നതു്. തങ്ങളുടെ കവി, തങ്ങൾക്കുവേണ്ടി ജീവിച്ച കവി, തങ്ങൾക്കുവേണ്ടി അരിഷ്ടിച്ച കവി, തങ്ങൾക്കുവേണ്ടി അകാലചരമമടഞ്ഞ കവി എന്നാണു സോവിയററ റഷ്യയിലെ കോടാനുകോടി ജനങ്ങൾ പുഷ്കിനെ ഇന്നു ഗണിച്ചുവരുന്നതു്. ഇതുപര്യന്തമുള്ള റഷ്യൻസാഹിത്യകാരന്മാരിൽ കനിഷ്ഠികാധിഷ്ഠിതമായ സ്ഥാനമാണു് അവരിന്നു പുഷ്കിനു കല്പിച്ചുകൊടുത്തിരിക്കുന്നതു്. ഇതു കാണുവാൻ അദ്ദേഹമിന്നു ജീവിച്ചിരുന്നെങ്കിൽ!

# പുതിയ ശാകുന്തളങ്ങൾ.

## ആററൂർ—വള്ളത്തോൾ ശാകുന്തളങ്ങളെപ്പററി ഒരു വിചിന്തനം.

കെ. വി. എം.

൧

കാളിദാസപ്രണീതമായ ശാകുന്തളനാടകത്തിന്നു മഹാവിദ്വാൻ ആററൂർ കൃഷ്ണപ്പിഷാരടി അവർകളുടെയും മഹാകവി വള്ളത്തോൾ അവർകളുടെയും കൃതിയായി മലയാളത്തിൽ ഓരോ പരിഭാഷ ഇയ്യിടയിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായല്ലോ. ഇവയിൽ ആററൂരിൻെറ പരിഭാഷയ്ക്കു്, "നന്നായാലിതിലുണ്ടു കുട്ടിത്തു ശിവൻ നാരായണൻ തീൎത്തതല്ലെന്നാകും" എന്നു ശീവൊള്ളി നമ്പൂരി പറഞ്ഞതുപോലെ, ഒരപഖ്യാതി വന്നു ഭവിച്ചതായി കാണുന്നു. 'സരസദ്രുതകവികിരീടമണി'യായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻെറ പേരാണു് ആ പരിഭാഷയോടു ചേൎത്തു പറഞ്ഞുകാണുന്നതു്. ആദ്യം ഈ അപവാദകഥനം ധ്വനിരൂപേണയാണു പറഞ്ഞുകേട്ടതു്. ക്രമത്തിൽ അതു വാച്യമായിത്തന്നെ പ്രത്യക്ഷപ്പെട്ടു. പണ്ടു സ്യമന്തകമണി കാരണം ശ്രീകൃഷ്ണൻെറ പേരിൽ ചിലർ ധ്വനിപ്പിച്ചു പറഞ്ഞുതുടങ്ങിയ അപവാദം ക്രമേണ നാട്ടിലൊക്കെയും പാട്ടായിത്തീൎന്നു്

. . "പ്രസേനനെത്താൻ കൊലചെയ്തില്ലേ
സ്യമന്തകംമണി മോഷ്ടിച്ചില്ലേ?"

എന്നു ചില കുട്ടികൾ അദ്ദേഹത്തിൻെറ മുഖത്തു നോക്കിത്തന്നെ ചോദിക്കത്തക്കവിധം പരന്നുപോയ കഥ ഈ അവസരത്തിൽ ഓൎമ്മവരുന്നു. ശ്രീമാൻ പിഷാരടിക്കു ശാകുന്തളപരിഭാഷ കാരണം ഇത്ര ഘോരമായ ഒരപവാദം കേൾക്കേണ്ടിവന്നതു് അദ്ദേഹം ചതുൎത്ഥീചന്ദ്രനെ കണ്ടതുകൊണ്ടോ, അദ്ദേഹത്തെ മററുള്ളവർ ചതുൎത്ഥീചന്ദ്രനായി കരുതിയതുകൊണ്ടോ എന്നു നിശ്ചയമില്ല. ഏതായാലും ഒരു പുസ്തകത്തെപ്പററി ഇത്ര നീചമായ ഒരു നിരൂപണം ഉണ്ടായിവന്നതു വ്യസനിക്കത്തക്കതാണു്. ആററൂരിൻെറ ശാകുന്തളത്തിൽ "ആററൂർ കൃഷ്ണപ്പിഷാരടി" എന്നു് ഗ്രന്ഥകൎത്താവിൻെറ പേർ കാണുന്നതുതന്നെ ആ പുസ്തകം അദ്ദേഹത്തിൻെറ കൃതിയാണെന്നുള്ളതിന്നു മതിയായ തെളിവാണു്. അല്ലെന്നു വിചാരിക്കുന്നപക്ഷം വള്ളത്തോളിൻെറ പുസ്തകത്തിൽ തൽക

ത്താവിന്റെ സ്ഥാനത്തു 'വള്ളത്തോൾ' എന്ന പേർ അച്ചടിച്ചുകാണുന്നതും എങ്ങനെ വിശ്വസിക്കാം? കവിതാരീതികൊണ്ടു പിഷാരടിയുടെ പരിഭാഷ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കൃതിയോടൊത്തിരിക്കുന്നുവെന്നാണു കാരണം പറയുന്നതെങ്കിൽ, വള്ളത്തോളിന്റെ പരിഭാഷ അദ്ദേഹത്തിന്റെ കൃതികളോടു് ഒത്തിരിക്കുന്നില്ല എന്ന കാരണത്താൽ അതും മറ്റേതോ ഒരു കവിയുടെ കൃതിയാണെന്നു പറയേണ്ടിവരില്ലേ? ആ വക തെളിവുകൾ നോക്കി ഗ്രന്ഥകർത്തൃനിർണ്ണയം ചെയ്യുന്നതു് അതിപ്രാചീനങ്ങളും ഇന്നാളുടെ കൃതിയെന്നു വിവരമില്ലാത്തവയുമായ ഗ്രന്ഥങ്ങളുടെ കാര്യത്തിലേ സാഹിത്യനിരൂപകന്മാർ ചെയ്തു പതിവുള്ളു. ജീവിച്ചിരിക്കുന്ന ഒരാളുടെ ഒരു കൃതി മറെറാരാളുടേതാണെന്നു വാദംവന്നാൽ തെളിവുകൾ നോക്കി വിധി കല്പിക്കുവാനുള്ള അധികാരം സാഹിത്യനിരൂപകന്മാൎക്കല്ല, ന്യായാധിപതിമാൎക്കാണുള്ളതു്. അതിരിക്കട്ടേ.

“ശാകുന്തളത്തിനു മലയാളത്തിൽ പ്രാമാണികന്മാരുടെതന്നെ ഒന്നിലധികം പരിഭാഷകൾ പ്രസിദ്ധമായിരിക്കെ” വിദ്വദഗ്രേസരനായ കൃഷ്ണപ്പിഷാരടിയും വിശിഷ്ടകവിയായ വള്ളത്തോളും ആ നാടകംതന്നെ വിവൎത്തനം ചെയ്യുന്നതിനു തങ്ങളുടെ സമയവും പ്രയത്നവും വ്യയംചെയ്തതു് സാഹിത്യസംബന്ധമായ ഒരു 'ശക്തിദുർവ്യയം' ആണു്. ആ “പ്രാമാണികന്മാർ” പരിഭാഷപ്പെടുത്തുവാൻ എടുത്ത മൂലഗ്രന്ഥത്തിലെ പാഠത്തേക്കാളധികം നല്ല പാഠമാണു താൻ പരിഭാഷപ്പെടുത്തുവാനുപയോഗിച്ച മൂലത്തിലുള്ളതു് എന്നുമാത്രമാണു കൃഷ്ണപ്പിഷാരടിക്കു് ഈ വിഷയത്തിലുള്ള സമാധാനം. ശാകുന്തളത്തെപ്പോലെ പ്രചുരപ്രചാരമായ ഒരു പ്രാചീനഗ്രന്ഥം വളരെയധികം കാലം ശിഷ്യപ്രശിഷ്യപരമ്പരയിൽ നിരന്തരധാരമായി സംക്രമിക്കുമ്പോൾ അതിൽ അനേകവിധത്തിലുള്ള പാഠഭേദങ്ങൾ വരാവുന്നതാണു്. അവ പരിശോധിച്ചു് അധികം നല്ല പാഠം തിരഞ്ഞെടുത്തു പഠിപ്പിക്കുകയും പഠിക്കുകയും ചെയ്യേണ്ടതു ഗുരുക്കന്മാരുടേയും ശിഷ്യന്മാരുടേയും കൎത്തവ്യവുമാണു്. ആ ഭാരം അവൎക്കു വിട്ടുകൊടുക്കുകയല്ലാതെ കേരളപാഠം, കൎണ്ണാടകപാഠം, ആന്ധ്രപാഠം തുടങ്ങിയ നാനാദേശീയപാഠങ്ങളനുസരിച്ചു് ഒരേ ഭാഷയിൽത്തന്നെ പലേ പരിഭാഷകൾ വേറെവേറെ നിൎമ്മിച്ചു തുടങ്ങിയാൽ എവിടെയാണു് അതിനൊരവസാനം? അതുകൊണ്ടു്, ശ്രീമാൻ പിഷാരടി “പ്രാമാണികന്മാരുടെ” പരിഭാഷകൾകൊണ്ടു തൃപ്തിപ്പെടാതെ തന്റെ വകയായി “ഒരു പരിഭാഷ ഇങ്ങനെയും ഇരിക്കട്ടേ” എന്നു വിച്ഛ

യിച്ചതു തികച്ചും ഉചിതമായോ എന്നു സംശയമാണ്. ഇതുതന്നെയാണ വള്ളത്തോൾ തൎജ്ജിമയെപ്പററിയും പറവാനുള്ളതു്. "സാഹിത്യഗുണംകൊണ്ടു മൂലത്തോടടുക്കുന്ന ഒരു തൎജ്ജിമ" ശാകുന്തളത്തിന്നുണ്ടാക്കുവാൻ വേണ്ടിയാണ വള്ളത്തോൾ ഇതിൽ കൈവെച്ചതെന്നു കാണുന്നു. എന്നാൽ വ്യാഖ്യാനഭേദംകൊണ്ടും പാഠഭേദംകൊണ്ടും മൂലംതന്നെ പല വിധത്തിലിരിക്കയാൽ തൎജ്ജിമ "മൂലത്തോടടുക്കുന്ന" സംഗതിയിലും അഭിപ്രായഭേദത്തിന്നു ധാരാളം വകയുണ്ടു്. അതിനാൽ അദ്ദേഹവും, "ഒരു നാല്പതിൽപ്പരം സംവത്സരങ്ങൾക്കു മുമ്പേ, ആരുടെ നിൎവ്യാജമായ സ്വഭാഷാഭിമാനം അഭിജ്ഞാനശാകുന്തളമെന്ന സാഹിത്യരത്നത്തെ, ഇന്നത്തേക്കാളും ദരിദ്രയായിരുന്ന കൈരളിയുടെ കയ്യിൽ കൊടുത്തേല്പിച്ചുവോ" ആ പുണ്യശ്ലോകനെ വിചാരിച്ചു ശാകുന്തളവിവൎത്തനത്തിൽ പ്രവേശിക്കേണ്ടതില്ലായിരുന്നു. പക്ഷെ ശ്രീമാന്മാരായ ആറുപേരും വള്ളത്തോളും സാഹിത്യത്തിൽ നല്ല പേരും പെരുമയും ഉള്ളവരാകയാൽ അവരുടെ സാഹിത്യപരിശ്രമങ്ങളിൽ നിയോഗമോ പൎയ്യനുയോഗമോ ചെയ്വാൻ മററുള്ളവൎക്കു് അവകാശമില്ല. എങ്കിലും ഒരു സംഗതി ഇവിടെ സ്മരണീയമാണ്: "നാല്പതിൽപ്പരം സംവത്സരങ്ങൾക്കു മുമ്പു്" കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് "കൈരളിയുടെ കയ്യിൽ കൊടുത്തേല്പിച്ച" ശാകുന്തളപരിഭാഷ കേരളീയരുടെ പരക്കെയുള്ള പ്രശംസക്കു പാത്രീഭവിച്ച ഒരനശ്വരഗ്രന്ഥമാണ്. ചില ശ്ലോകങ്ങളിൽ സംസ്കൃതപദങ്ങൾ അധികമുള്ളതിനാൽ അപണ്ഡിതന്മാൎക്കു ദുൎഗ്രഹമെങ്കിലും മൂലനാടകത്തിൻെറ ഭാവഗാംഭീൎയ്യത്തിനു ഹാനിവന്നിട്ടില്ലാത്തതായ ആ കേരളവൎമ്മശാകുന്തളത്തിനു ഭാഷാസാഹിത്യത്തിൽ സിദ്ധിച്ചിട്ടുള്ള പ്രതിഷ്ഠ വേറെ എത്ര പരിഭാഷകളുണ്ടായാലും ഇളകിപ്പോകുന്നതല്ല. ശ്രീമാൻ പി. ജി. രാമയ്യർ, പ്രൊഫസർ രാജരാജവൎമ്മ കോയിത്തമ്പുരാൻ മുതലായവർ പിന്നീടു സംസ്കൃതപദങ്ങൾ ചുരുക്കിയും മലയാളരീതിയനുസരിച്ചും നിൎമ്മിച്ച തൎജ്ജിമകൾ മൂലത്തിലെ അൎത്ഥചമൽക്കാരവും സ്വാരസ്യവും ഏറക്കുറെ പോയി രസമാംസളമായ കാളിദാസകൃതിയുടെ ശുഷ്കമായ അസ്ഥിപഞ്ജരമോ കേവലം ഒരൎത്ഥവിവരണമോ മാത്രമായിട്ടാണ പരിണമിച്ചതു്. പുതുതായി രംഗപ്രവേശം ചെയ്യു ഈ ആറുപേർ—വള്ളത്തോൾ ശാകുന്തളങ്ങൾ മൂലത്തിൻെറ സ്വാരസ്യവും രസഭാവാദികളും ഭാഷയിൽ പ്രതിഫലിപ്പിക്കുന്നതിൽ കേരളവൎമ്മശാകുന്തളത്തെ അതിശയിക്കുന്നുണ്ടെങ്കിൽ മാത്രമേ ഇവയ്ക്കും ഭാഷാസാ

ഹിത്യത്തിൽ ശാശ്വതമായ പ്രതിഷ്ഠ സിദ്ധിക്കുകയുള്ളൂ; അതില്ലാത്ത പക്ഷം, മററെന്തു ഗുണമുണ്ടായാലും, ആ പഴയ മണിപ്രവാളശാകുന്തളത്തിൻെറ ദീപ്തിയിൽ ഇവയും നിഷ്പ്രഭങ്ങളായിത്തന്നെ ഇരിക്കും.

ഈ പുതിയ ശാകുന്തളങ്ങൾ വായിച്ചുനോക്കിയപ്പോൾ അവയെപ്പററി കേട്ടസമയത്തുണ്ടായ പ്രതീക്ഷയിൽനിന്നു തീരെ വ്യത്യസ്തമായ അനുഭവമാണ് എനിക്കുണ്ടായത്. ആററൂർ ഒരു പണ്ഡിതനായിട്ടല്ലാതെ കവിയായിട്ടു മുമ്പു സാഹിത്യരംഗത്തിൽ ആടിക്കണ്ടിട്ടില്ലാത്തതുകൊണ്ട് അദ്ദേഹത്തിൻെറ കവിത 'ബലാൽകൃഷ്ട്യമാണ്'യും രചനാഭംഗിയില്ലാത്തതുമായിരിക്കുമെന്നാണു മുമ്പു വിചാരിച്ചിരുന്നത്. വള്ളത്തോളാകട്ടെ വളരെക്കാലമായിട്ടു കവിതാരംഗത്തിൽ 'ആദ്യവസാനവേഷക്കാരനാ'യി ചൊല്ലിയാടുന്ന ഒരു മഹാനാകയാൽ അദ്ദേഹത്തിൻെറ കവിത 'സ്വയമേവാഗത'വും രചനാഗുണമിണങ്ങിയതുമായിരിക്കുമെന്നു തികച്ചും പ്രതീക്ഷിച്ചിരുന്നു. പക്ഷെ, "ഉത്തരേരാമചരിതേ ഭവഭൂതിർവ്വിശിഷ്യതേ" എന്നു പറഞ്ഞപ്രകാരം ശാകുന്തളത്തിൻെറ കാൎയ്യത്തിൽ ആററൂരിൻെറ കവിതയാണ് എനിക്കധികം ബോധിച്ചത്. ആററൂർ ശാകുന്തളത്തിലെ പദ്യങ്ങൾക്കും ചൂൎണ്ണികകൾക്കും ആകപ്പാടെ ഒരു ശ്രവണസുഖവും പ്രസന്നതയും പ്രായേണ കാണുന്നുണ്ട്. വള്ളത്തോൾ ശാകുന്തളത്തിലെ പദ്യങ്ങൾ മിക്കതും —വലിയ വൃത്തങ്ങളിലുള്ളവ വിശേഷിച്ചും —കവിതാംഗനയുടെ മേൽ ബലാൽക്കാരം പ്രയോഗിച്ചു പരുക്കേല്പിച്ചവയും, ചൂൎണ്ണികകൾ അധികവും ദുഷ്യന്തൻെറ രഥത്തിനു മുമ്പിലോടുന്ന മാനിനെപ്പോലെ 'പൃഷ്ഠമതുപൂൎവ്വകായഗതമാക്കി'യവയുമായിട്ടാണു കാണുന്നത്. "വള്ളത്തോളിൻെറ വിശിഷ്ടതൂലികയിൽനിന്നു കൈരളിക്കു കിട്ടിയ ഈ പുതിയ ശാകുന്തളവിവൎത്തനത്തിനു പ്രഥമദൎശനത്തിൽതന്നെ പ്രത്യക്ഷപ്പെടുന്ന ഒരു വിശേഷം അതിൻെറ അനവദ്യമായ രചനാസൌന്ദൎയ്യമാണ്" എന്നും "ഈ രചനാസൌന്ദൎയ്യമാണ് കാളിദാസരുടെ കേളികേട്ട വൈദർഭീരീതിക്കു ജീവനായി നില്ക്കുന്നത്" എന്നും വിദ്വാൻ സി എസ്സ്. നായർ അവതാരികയിൽ പറയുന്നുണ്ട്. പക്ഷേ, സാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ച വള്ളത്തോൾകവിതയുടെ നിരന്തരഭാവനയാൽ പരിപക്വബുദ്ധികളായ കേരളത്തിലെ സഹൃദയജനങ്ങളെ ഭ്രമിപ്പിക്കുവാൻ ഈ തൂലികാപിഞ്ഛപ്രചലനം പൎയ്യാപ്തമാകുമെന്നു തോന്നുന്നില്ല. വാസ്തവം പറയുന്നതായാൽ കാളിദാസരുടെ ശാകുന്തളത്തിലെ സുഖസംവേദ്യമായ 'വൈദ

ഭീരീതി' ആററൂരിൻേറയും വള്ളത്തോളിൻേറയും പാടിയിൽ പെട്ടിട്ടില്ല. ഉണ്ടെങ്കിൽത്തന്നെ വൈദർഭീരീതിയുടെ ഒരു നേരിയ ഛായ ചില ഘട്ടങ്ങളിൽ ആററൂരിൻെറ കൃതിയിലാണു കാണുന്നതു്.

ആററൂർ—വള്ളത്തോൾ ശാകുന്തളങ്ങളെപ്പററിയ വിചിന്തനത്തിൽ കഥാബന്ധം, രംഗവിധാനം മുതലായ നാടകീയവിഷയങ്ങളെക്കുറിച്ചു് ഒന്നും ചിന്തിക്കേണ്ടതില്ല. അവയിൽ മൂലകാരൻെറ 'കാലടിപ്പാടുകളെ പിന്തുടരുക' മാത്രമാണല്ലൊ വിവർത്തകധർമ്മം. ആററൂർ ശാകുന്തളത്തിൻെറ ഉല്പത്തിക്കു ബീജമായിട്ടുള്ള അദ്ദേഹത്തിൻെറ 'കേരളപാഠ'ത്തേയും വള്ളത്തോൾ "വളരെയധികം ക്ലേശപ്പെട്ടു സമ്പാദിച്ച" പാഠത്തേയുംപററി സ്ഥൂലമായും, രണ്ടുപേരുടേയും തർജ്ജിമകൾ മൂലത്തോടൊത്തിരിക്കുന്നുണ്ടോ എന്നതിനെപ്പററി സൂക്ഷ്മമായും ഒന്നു ചിന്തിക്കുകയാണിവിടെ ആവശ്യം. തർജ്ജിമയുടെ കാര്യത്തിൽ ഒരു സംഗതി പ്രത്യേകം ഓർക്കേണ്ടതുണ്ടു്. വലിയ കോയിത്തമ്പുരാൻ മുതലായ പഴമക്കാരുടെ പരിഭാഷകളിൽനിന്നു് ഇന്നത്തെ 'പുത്തൻകൂററുകാരുടെ' പരിഭാഷകൾക്കു സാമാന്യമായിത്തന്നെ വലിയ വ്യത്യാസമുണ്ടു്. പഴമക്കാർ തർജ്ജമയിൽ മൂലത്തിലെ രസഭാവാദികൾ വരുത്തുവാനാണു് പ്രധാനമായി മനസ്സിരുത്തിയിരുന്നതു്. രസഭാവാദികളുടെ സ്ഫുരണത്തിനു മിഴിവുവരുത്തുന്നതിനുവേണ്ടി മൂലത്തിലില്ലാത്ത വല്ല പദങ്ങളും കൂട്ടിച്ചേർക്കുന്നതു് ഒരു ദോഷമായി അവർ കരുതിയിരുന്നില്ല. നവീനന്മാരുടെ തർജ്ജിമകൾക്കു 'വൃത്താനുവൃത്തം', 'പദാനുപദം' എന്നു തുടങ്ങിയ നിർബ്ബന്ധങ്ങൾ കാണുന്നുണ്ടു്. മൂലത്തിലെ വല്ല പദങ്ങളുടേയും അർത്ഥം തർജ്ജിമയിൽ വന്നില്ലെങ്കിൽ അതു 'ചോർന്നുപോക'ലാകും; വല്ല പദവും അധികമായി വന്നുവെങ്കിൽ അതു 'വളർന്നുവര'ലുമാകും. ഈ വകയിൽ ശ്രീമാൻ പിഷാരടിക്കു് എത്രത്തോളം നിർബ്ബന്ധമുണ്ടെന്നറിഞ്ഞില്ല. വള്ളത്തോളിന്നു് ഇവയിൽ വലിയ ശാഠ്യമുണ്ടെന്നു് അദ്ദേഹത്തിൻെറ പുസ്തകത്തിൽ ചേർത്തിട്ടുള്ള വിദ്വാൻ സി. എസ്സ്. നായരുടെ അവതാരികയിൽനിന്നു വ്യക്തമാകുന്നുണ്ടു്. ആയതുകൊണ്ടു് ഈ രണ്ടു ശാകുന്തളങ്ങളും മൂലത്തോടു് എത്രത്തോളം അടുത്തിരിക്കുന്നുണ്ടെന്നു 'പുത്തൻകൂററുകാ'രുടെ മാനദണ്ഡം വെച്ചുതന്നെ നോക്കേണ്ടിയിരിക്കുന്നു.

ഒന്നാമതു് ആററൂരും വള്ളത്തോളും അവലംബിച്ചിട്ടുള്ള പാഠങ്ങളെക്കുറിച്ചുതന്നെ ചിന്തിക്കാം:—

1. അച്ചടിച്ച പുസ്തകങ്ങളിൽ "യാസൃഷ്ടിഃ സ്രഷ്ടുരാദ്യാ" എന്ന നാന്ദീശ്ലോകവും, നാന്ദ്യന്തത്തിൽ സൂത്രധാരൻെറ പ്രവേശവുമായിട്ടാണു ശാകുന്തളം നാടകത്തിൻെറ ആരംഭം. വള്ളത്തോൾ അങ്ങനെയാണു തൎജ്ജിമ ചെയ്തിട്ടുള്ളതും. ആററൂരിൻെറ തൎജ്ജിമയിൽ നാന്ദിയുടെ അന്തത്തിൽ സൂത്രധാരൻ പ്രവേശിച്ചു "യാസൃഷ്ടിഃ" എന്ന ശ്ലോകം ചൊല്ലുന്നതായിട്ടാണ് ആരംഭം കാണുന്നതു്. വള്ളത്തോൾ സ്വീകരിച്ച പാഠപ്രകാരം "യാസൃഷ്ടിഃ" എന്നതു നാന്ദിയും അണിയറയിൽവെച്ചു ചൊല്ലുന്നതുമായ ശ്ലോകമാണ്. ആററൂരിൻെറ കേരളപാഠപ്രകാരമാകട്ടെ ഇതു നാന്ദി കഴിഞ്ഞതിനുശേഷം സൂത്രധാരൻ രംഗത്തിൽവെച്ചു ചൊല്ലുന്ന ഈശ്വരപ്രാൎത്ഥനാപദ്യമാണ്. നാടകാരംഭത്തിൽ രംഗവിഘ്നോപശാന്തിക്കുവേണ്ടി അണിയറയിൽവെച്ചു ചെയ്യുന്ന പൂൎവ്വരംഗത്തിൻെറ ഒരംഗമാണ് നാന്ദി. അനേകം അംഗങ്ങളുള്ള പൂൎവ്വരംഗത്തിൻെറ മററംഗങ്ങൾ കൂടിയേ കഴിയൂ എന്നു നിൎബ്ബന്ധമില്ലെങ്കിലും നാന്ദി അങ്ങിനെ ഒഴിച്ചുവിടുവാൻ പാടുള്ളതല്ല.

"ആശീൎന്നമസ്ക്രിയാരൂപഃ
ശ്ലോകഃ കാവ്യാൎത്ഥസൂചകഃ
നാന്ദീതി കഥ്യതേ—"

എന്ന ആദിഭരതവചനത്തിൽ ആശീൎവ്വാദരൂപമായോ നമസ്കാരരൂപമായോ ഉള്ളതും കാവ്യാൎത്ഥസൂചനയോടുകൂടിയതുമായ ശ്ലോകമാണു നാന്ദി എന്നു കാണുന്നു. 'യാസൃഷ്ടിഃ' എന്ന ശ്ലോകത്തിന്നു ഈ നാന്ദിലക്ഷണം തികച്ചുമുണ്ടെങ്കിലും കേരളപാഠക്കാരൻ അതിനെ നാന്ദിയായി ഗണിക്കുന്നില്ല. നാന്ദിയായി ഗണിക്കാതെ ഈശ്വരപ്രാൎത്ഥനയാക്കിയതു കൊണ്ടു രണ്ടുവിധത്തിൽ ഔചിത്യം അധികമുണ്ടെന്നു് ടിപ്പണക്കാരൻ വിരൂപാക്ഷൻ നമ്പൂതിരി പറയുന്നു. ഒന്നാമതു്, സൂത്രധാരന്നു രംഗത്തിൽ പ്രവേശിച്ചു് ഇങ്ങനെ ഒരീശ്വരപ്രാൎത്ഥന നടത്താനുള്ളതുകൊണ്ടു നടിയുടെ പ്രവേശംവരെ ഒരു ജോലിയുണ്ടാകുന്നു. നടിപ്രവേശത്തിന്നു മുമ്പു് അങ്ങനെ ഒരു ജോലി ചെയ്യാനില്ലെങ്കിൽ സൂത്രധാരൻ മുൻകൂട്ടി പ്രവേശിക്കാതെ നടിയോടൊരുമിച്ചു പ്രവേശിക്കയേയുള്ളുവത്രേ. പക്ഷെ, സൂക്ഷ്മമായി നോക്കിയാൽ സൂത്രധാരന്നു വേറെ ഒരു ജോലി ചെയ്യാനുള്ളതായി കാണാം. രംഗത്തിൽ പ്രവേശിച്ചതിന്നുശേഷം സൂത്രധാരന്നു സാമാജികന്മാരെ ആകപ്പാടെ ഒന്നു നോക്കിക്കണ്ടു സഭയുടെ യോഗ്യത മനസ്സിലാക്കേണ്ടതുണ്ടു്. അതിന്നുശേഷംവേണം അണിയറയിലേ

കുനോക്കി നടിയെ വിളിക്കുവാൻ. നടി പ്രവേശിച്ച ഉടനെ സൂത്രധാരൻ നടിയോടു് "വിദ്വാന്മാർ നിറഞ്ഞ സഭയാണിതു്" എന്നു പറയുന്നതുതന്നെ ഇതിനു തെളിവാണു്. സഭയെ മുമ്പു നോക്കിയെങ്കിലല്ലാതെ അതു വിദ്വാന്മാർ നിറഞ്ഞതാണെന്നറികയില്ലല്ലോ. തൽക്കാലം നോക്കിപ്പറകയാണെങ്കിൽ "ആര്യേ അണിയറയിലൊരുങ്ങിക്കഴിഞ്ഞാൽ" എന്ന ചൂർണ്ണികയുടെ മുമ്പിൽ (അണിയറക്കുനേരേ നോക്കീട്ടു്) എന്നു കാണിച്ചതുപോലെ "വിദ്വാന്മാർ നിറഞ്ഞ സഭയാണിതു്." ഇത്യാദി ചൂർണ്ണികയുടെ മുമ്പിൽ ('സഭക്കുനേരേ നോക്കീട്ടു്') എന്നും കാണിക്കുമായിരുന്നു. ഇതുകൊണ്ടു സൂത്രധാരന്റെ 'തൊഴിലില്ലായ്മ'ക്കു പരിഹാരമാകുന്നതാണു്. രണ്ടാമത്തൊരൗചിത്യം പറയുന്നതു 'യാസൃഷ്ടിഃ' എന്ന പദ്യത്തിന്റെ അർത്ഥത്തിന്നും പ്രകൃതപാഠക്രമമായാലാണു സ്വാരസ്യം കൂടുക എന്നാകുന്നു. "താൻതന്നെ ഓരോരോ കഥാപാത്രങ്ങളുടെ വേഷംധരിച്ച സദസ്യരുടെ മുമ്പിൽ പ്രത്യക്ഷമായി സ്വതന്ത്ര രൂപത്തിൽ നിർവ്വഹിക്കേണ്ട കൃത്യങ്ങൾ" നടത്തുന്ന "നടപ്രധാനനോടു സാദൃശ്യം തോന്നത്തക്കവിധത്തിലാണു പ്രകൃതപദ്യംകൊണ്ടു് ഈശ്വരനെ പ്രാർത്ഥിച്ചിരിക്കുന്നതു്" എന്നുള്ളതാണത്രേ ഈ അർത്ഥസ്വാരസ്യം. ഈശ്വരന്നു നടപ്രധാനനോടുള്ള സാദൃശ്യപ്രതീതി തുലോം സ്വാരസികമായിട്ടുള്ളതുതന്നെ. പക്ഷെ, പ്രസ്തുത പദ്യം നാന്ദിയായി ചൊല്ലുന്നതായാലും താദൃശമായ അർത്ഥപ്രതീതിക്കു പ്രതിബന്ധമൊന്നുമില്ല. നാന്ദിയായി അണിയറയിൽ വച്ചു ചൊല്ലിയാൽ ഈശ്വരന്നു നടപ്രധാനനോടു സാദൃശ്യം തോന്നില്ലെന്നും രംഗത്തിൽവച്ചു പ്രാർത്ഥനയായി ചൊല്ലിയാൽ അതു തോന്നുമെന്നും പറയുന്നതു് ഒരു യുക്ത്യാഭാസം മാത്രമാണു്. നേരെമറിച്ചു്, ആശീർവ്വാദരൂപമായിട്ടുള്ള പ്രസ്തുത പദ്യത്തിൽ രക്ഷണകർത്താവായി നിബന്ധിക്കപ്പെട്ട ഈശ്വരങ്കൽ പ്രതീയമാനമായ നടപ്രധാനസാദൃശ്യത്തിന്നു്, ഇതു നാന്ദീശ്ലോകമാണെങ്കിൽ സ്വാരസ്യം വർദ്ധിക്കുകയാണു ചെയ്ക. നാന്ദി രംഗവിഘ്നോപശാന്തിക്കായുള്ളതും കാവ്യാർത്ഥസൂചനദ്വാരാ സമഗ്രമായ നാടകീയവസ്തു അന്തർഭവിച്ചു കിടക്കുന്നതുമാകയാൽ പ്രാഥമ്യവും പ്രാധാന്യവുമുള്ളതാണു്. അതിലാണു് ഈശ്വരന്നു നടപ്രധാനസാദൃശ്യം പറഞ്ഞതെങ്കിൽ അതു നാടകത്തിൽ മുഴുവനും അഭിവ്യാപിക്കുമല്ലോ. ആയതുകൊണ്ടു കേരളപാഠപ്രകാരം ഉ[illegible]ായിപ്പറയുന്ന രണ്ടുവിധത്തിലുള്ള ഔചിത്യവും വിചാരസഹമല്ലെന്നു വ്യക്തമാണു്. എന്നുമാത്രമല്ല, കേരളപാഠപ്രകാരമായാൽ നാടകത്തിൽ

"അവശ്യം കർത്തവ്യ"വും കഥാവസ്തുസൂചകവുമായ നാന്ദീശ്ലോകം കാളി
ദാസപ്രണീതമായ ശാകുന്തളത്തിൽ ഇല്ലെന്നു വരും. നാന്ദീശ്ലോകം
ചൊല്ലാതെകണ്ടു "നാന്ദി കഴിഞ്ഞു സൂത്രധാരൻ പ്രവേശിക്കുന്നു"
എന്നു പറഞ്ഞാൽ നാന്ദി ആൎക്കും കേൾക്കുവാൻ പാടില്ലാത്ത രഹസ്യ
മായ ഒരു മന്ത്രമോ മറേറാ ആണെന്നു തോന്നിപ്പോകും. ആൎക്കും കേൾ
ക്കാൻ പാടില്ലാത്ത ഒരു പദ്യത്തിൽ കഥാവസ്തുസൂചനം ചെയ്യുന്നതു്
ഊഷരവൎഷംപോലെ നിരൎത്ഥകമാകുന്നു. ആറന്മുരിന്റെ ശിഷ്യനും 'ഗുരു
പാദർ വിവരിച്ചുതന്ന അൎത്ഥവിശേഷങ്ങളിൽ ഏതാനും ചിലതു രേഖ
പ്പെടുത്തി"യ ദേഹവുമായ ടിപ്പണകാരൻ തിരുമേനി ഈ പദ്യത്തിൽ
പ്രകടമായി തോന്നുന്നതും വ്യാഖ്യാതൃസമ്മതവുമായ ശാകുന്തളാദികഥാ
പാത്രങ്ങളുടെ സൂചനയെ പറയാതിരുന്നതു് ഇതു നാന്ദിയല്ലെന്നു വ്യക്ത
മാക്കുവാനായിരിക്കാം. വള്ളത്തോൾ ശാകുന്തളത്തിൽ ശ്രീമാൻ കുട്ടികൃഷ്ണ
മാരാരുടെ 'പ്രിയംവദ' കഥാവസ്തുസൂചനം കാണിച്ചിട്ടുണ്ടു്. കാളിദാ
സൻ കേരളീയനല്ലാതെയിരിക്കുന്ന സ്ഥിതിക്കു് 'കാളിദാസഗ്രഥിതവസ്തു'
വായ ശാകുന്തളനാടകത്തെ കേരളത്തിൽ ചാക്യാന്മാരഭിനയിക്കാറുള്ള
നാടകങ്ങളുടെ കരുവിൽ വാൎത്തെടുക്കുന്നതു യുക്തമാകുമെന്നു തോന്നുന്നില്ല.

2. കേരളപാഠത്തിൽ സൂത്രധാരൻ നടിയോടു് "കാളിദാസൻ
കഥ കെട്ടിയുണ്ടാക്കീട്ടുള്ള പുതിയൊരു നാടകമാണഭിനയിക്കേണ്ടതു്"
എന്നേ പറയുന്നുള്ളു. പാട്ടു കഴിഞ്ഞശേഷം സൂത്രധാരന്റെ ചോദ്യ
ത്തിന്നു നടി "അഭിജ്ഞാനശാകുന്തളമെന്നു പേരായ പുതിയ നാടകമാ
ണഭിനയിക്കേണ്ടതെന്നു് ആൎയ്യൻതന്നെ അവിടുന്നു കല്പിക്കുകയുണ്ടായല്ലോ"
എന്നു് ഉത്തരം പറയുന്നുണ്ടു്. പാട്ടിന്റെ രസികത്വംകൊണ്ടു സൂത്രധാ
രൻ മുമ്പു പറഞ്ഞതു മറക്കുന്നു; പാട്ടു പാടിയപ്പോഴേക്കും നടിയുടെ ഹൃദയ
ത്തിൽ സൂത്രധാരൻ പറയാത്തതായ അഭിജ്ഞാനശാകുന്തളമെന്ന നാടക
നാമം ഉദിക്കയും ചെയ്യുന്നു. ഈ പൂൎവ്വാപരവിരോധം 'വളരെയധികം
ക്ലേശപ്പെട്ടു് 'മൂലത്തിന്റെ ശരിയായ ഒരു പാഠം സമ്പാദിച്ച' വള്ളത്തോ
ളിന്റെ ശാകുന്തളത്തിലും പിണഞ്ഞു കാണുന്നുണ്ടു്.

3. കേരളപാഠത്തിൽ "ഹാരിയാം ഗീതരാഗത്താൽ" എന്ന
ശ്ലോകത്തിന്റെ പൂൎവ്വോത്തരാൎദ്ധങ്ങൾക്കു മദ്ധ്യേ "(അണിയറയിൽ രഥ
ഘോഷം) സൂത്രധാരൻ (ചെവിയോൎത്തിട്ടു്)" എന്നു് അധികപ്പടി കാണു
ന്നുണ്ടു്. ഈ പാഠത്തിന്നു് ഔചിത്യത്തിന്റെ ആധിക്യം സ്പഷ്ടമാണെന്നും
പറയുന്നു. അച്ചടിച്ച മൂലഗ്രന്ഥങ്ങളിൽ ഇതില്ല. രാജാവു രഥാധിരൂഢനാ

യിട്ടാണല്ലോ പ്രവേശിക്കുന്നതു്; അതിനാൽ അണിയറയിൽ ഒരു രഥ ഘോഷവും സൂത്രധാരൻ അതു കേൾക്കുന്നതായി നടിക്കലും ഇരിക്കട്ടെ എന്നു കേരളപാഠക്കാരൻ നിശ്ചയിച്ചതായിരിക്കാം. പക്ഷെ, ഈ കേരള പാഠക്കാരൻതന്നെ നാലാമങ്കത്തിൽ (കുയിൽനാദം കേൾക്കുന്നതായി നടിച്ചു്)" എന്നു പറയുന്നിടത്തു് "(അണിയറയിൽ കുയിൽനാദം)" എന്നു പറയുന്നില്ല. ഇവിടെ ഇതുകൊണ്ടു് ഔചിത്യം കൂടുമെങ്കിൽ അവിടെ ഔചിത്യം കുറയുമെന്നും പറയേണ്ടിവരും. വള്ളത്തോൾ 'വള രെയധികം ക്ലേശപ്പെട്ടു്' 'കേൾക്കുന്നതായിനടിച്ചു്' എന്നേടത്തോളമുള്ള പാഠം സമ്പാദിച്ചു; 'അണിയറയിൽ രഥഘോഷം' അംഗീകരിച്ചതുമില്ല. ഇവിടെ ഞാൻ ചോദിക്കുന്നു, എന്തു കേൾക്കുന്നതായിട്ടാണു് നടിച്ച തെന്നു്. ഉത്തരാർദ്ധത്തിൽ കേൾക്കാനുള്ള ഒരു വസ്തുവിനേയും പറയുന്നി ല്ലാത്തതിനാൽ "കേൾക്കുന്നതായി നടിക്കു"ന്നതിന്നു ഇവിടെ പ്രസക്തി കാണുന്നില്ല. വാസ്തവത്തിൽ ഈ പാഠഭേദം ഇല്ലെങ്കിലും പ്രകൃതത്തിൽ ഔചിത്യത്തിന്നു യാതൊരു ഹാനിയും വരുവാനില്ല. "വേഗമേറും മൃഗ ത്താലിരാജദുഷ്ഷന്തനെന്നപോൽ" എന്ന ഉത്തരാർദ്ധം ചൊല്ലുന്ന തിനെത്തുടന്നു രാജാവു പ്രവേശിച്ചാൽ മതി. അങ്ങനെ യായാൽ

"ഏഷോയമിത്യുപക്ഷേപാൽ
സൂത്രധാരപ്രയോഗതഃ
പാത്രപ്രവേശോയത്രൈഷ
പ്രയോഗാതിശയോമതഃ"

എന്ന പ്രയോഗാതിശയമെന്ന പ്രസ്താവനാഭേദത്തിന്റെ ലക്ഷണം സമന്വിതമാകയും ചെയ്യും.

4. 'ഗ്രീവാഭംഗാഭിരാമം' എന്ന ശ്ലോകം കഴിഞ്ഞാൽ സൂതൻ "നിരപ്പുള്ള പ്രദേശമല്ലാതിരുന്നതിനാൽ അടിയൻ കടിഞ്ഞാണപിടിച്ചു തേരിന്റെ വേഗം കുറച്ചു. അതുകൊണ്ടാണു് ഈ മാൻ അകലത്താ യതു്. ഇപ്പോൾ നിരന്ന പ്രദേശത്തെത്തിയതിനാൽ അടുക്കാൻ പ്രയാ സമില്ല" എന്നു പറയുന്നു. ഇതു മാൻ എന്തുകൊണ്ടാണു് അകലെപ്പെട്ടതു് എന്ന ചോദ്യത്തിന്റെ സമാധാനമാണല്ലോ. അങ്ങനെ ഒരു ചോദ്യം കാണുന്നുമില്ല. കേരളപാഠമല്ലാത്ത മൂലത്തിൽ "തദേഷകഥമനുപതത ഏവമെ പ്രയത്നപ്രേക്ഷണീയഃ സംവൃത്തഃ" എന്നൊരു ചോദ്യമുണ്ടു്. "ഗ്രീവാഭംഗാഭിരാമം" എന്ന ശ്ലോകം കഴിഞ്ഞു രാജാവു് ഈ ചോദ്യം

കൂടി ചോദിച്ചുവെങ്കിലേ സൂതന്റെ സമാധാനത്തിന്നു് ഉപപത്തിയുള്ളു.

5. "യദാലോകെ സൂക്ഷ്മം" എന്ന ശ്ലോകം കഴിഞ്ഞിട്ടു് "സൂത! പശ്യൈനം വ്യാ പാദ്യമാനം (ഇതിശരസന്ധാനം നാടയതി)" എന്നു രാജാവു പറയുന്ന ഭാഗം കേരളപാഠത്തിലില്ല. കേരളപാഠത്തിൽ രാജാവിന്റെ ശ്ലോകം കഴിഞ്ഞ ഉടനെ സൂതൻ, "തിരുമേനി ഇതാ അവിടുത്തെ ശരം കൊള്ളാറായിരിക്കുന്ന മാനിന്നിടയിൽ ചില മഹൎഷിമാർ എത്തിയിരിക്കുന്നു" എന്നു പറയുകയായി. ശരം തൊടുത്തിട്ടില്ലെങ്കിൽ ശരം കൊള്ളാറാവുന്നതെങ്ങനെ എന്നു മനസ്സിലാകുന്നില്ല.

മേൽകാണിച്ചതിൽനിന്നു കേരളപാഠത്തിന്നുണ്ടെന്നു പറയുന്ന ഔചിത്യാധിക്യത്തെപ്പററി ധാരാളം അഭിപ്രായഭേദത്തിനു വകയുണ്ടെന്നു വിശദമാകുന്നുണ്ടല്ലോ. ചില ശ്ലോകങ്ങളിലും ചൂൎണ്ണികകളിലുമുള്ള പദഭേദങ്ങളും രുചിഭേദത്തെ ആശ്രയിച്ചിരിക്കുന്നവയാണു്. വള്ളത്തോൾ തൎജ്ജമയിൽ കുറെ ശ്ലോകങ്ങൾ പ്രക്ഷിപ്തങ്ങളെന്ന നിലക്കു വിട്ടുകളഞ്ഞിട്ടുള്ളതും സൎവ്വസമ്മതമാകുന്നതല്ല. ഏതായാലും ഈ വക പാഠഭേദങ്ങൾക്കുവേണ്ടി കേരളഭാഷയിൽ ശാകുന്തള പരിഭാഷകളുടെ എണ്ണം വൎദ്ധിപ്പിക്കുന്നതിന്നു തുനിയേണ്ടിയിരുന്നില്ല എന്നു് എനിക്കഭിപ്രായമുണ്ടു്..

. .

---

# തങ്കത്തിന്റെ അതിഥി.

—കെ. കെ. രാജാ.

വത്സരം രണ്ടായിട്ടില്ലെൻവീട്ടിൽ വിരുന്നായെൻ
വത്സ വന്നിട്ടിന്നവളാതിഥേയിയാണാക്കും
ബാലയാലനുഭൂയ്യ ധന്യനായിതാരെന്നൊ?
നീലകോമളനൊരു കൊച്ചുകാകനീവിട്ടിൽ
അമ്മ വായിലേകിയ ചോറൊരു വററങ്ങില
പൊൻമകളരികത്തുണ്ടതു കണ്ടുകൊണ്ടച്ഛൻ
ഉന്മേഷമില്ലായ്മയ്ക്കു കാരണമാരായ്കയാ-
ണമ്മയച്ഛന്മാരപ്പോൾ കേൾക്കായി കാകാരാവം
വാനിൽനിന്നിറങ്ങിയിട്ടുണ്ടൊരു മഹാതിഥി
താനതു കണ്ടുംകൊണ്ടു മുമ്പിലുണ്ണുമോ തങ്കം
സ്വർഗ്ഗസാമ്രാജ്യത്തിന്റെ കൊച്ചുറാണി കല്പിച്ചു
"കാക്കയ്ക്കുമമ്മം" ചൊന്നാനമ്മയോടപ്പോളച്ഛൻ
"ഇരുപൂഞ്ചിറകായി നമ്മളെങ്കിലിക്കുട്ടി
പറവക്കിടാങ്ങൾക്കു പിന്നാലെപ്പാറന്നേനേ!"

---

# * കടൽക്കരയിൽ.

—വിദ്വാൻ, കെ. പ്രകാശം.

(അന്നനട)

കടൽക്കരയിങ്കലൊരുവനുണ്ടിതാ
നടന്നുപോകുന്നു പ്രകടമോദത്താൽ.
ഇളംവെയിൽത്തട്ടിപ്പരിലസിച്ചിട്ടും
മണൽത്തരി തന്നെ ചിരിച്ചുനോക്കുന്നു.
ഉണങ്ങിമിന്നുമാ കരയിൽ കാൽവച്ചു-
ങ്ങെടുക്കവേ ജലം കിനിയുന്നുണ്ടതിൽ
അറിഞ്ഞിടുന്നതില്ലവനവയൊന്നും
നടക്കുകയത്രേ പ്രശാന്തമാം ഭൂവിൽ.
അപായശങ്കയില്ലശേഷവു, മെന്നാ-
ലവന്നുടനൊരു വികാരമുണ്ടായി.
അടിയിലേക്കവൻ തുറിച്ചുനോക്കവെ
പതുക്കനെ താഴാൻ തുനിവതായ്ത്തോന്നി.
അടിമുഴുവനുമിളക്കിയ പൂഴി-
ക്കടിയിലായ്, കഴൽ വലിച്ചെടുത്തവൻ.
മടങ്ങുവാൻതന്നെ നിനച്ചുകൊണ്ടുടൻ
പിറകിലേക്കഹോ തിരിഞ്ഞുനോക്കുന്നു.
അതാ! കുറേക്കൂടിയവനാണ്ടിടുന്നു
ഞെരിയാണിവരെ മണൽപൊങ്ങിയെത്തി.
ഉടൻ ചരണങ്ങൾ വലിച്ചെടുത്തവൻ
ഇടത്തുഭാഗത്തേക്കൊരുചാട്ടം ചാടി.
ഫലമുണ്ടായില്ല, കണങ്കാലിൻ പാതി
വരെയെത്തി മണൽ; വലത്തോട്ടു ചാഞ്ഞാൻ.
ഉടനെ കാൽമുട്ടുവരെതാ,ണന്നേരം
പരിഭ്രമിച്ചവനറിഞ്ഞു വാസ്തവം!
ഝഷത്തിനു നീന്താൻ കഴിയാതെ, ഖഗം
മനുഷ്യനു പോകാനസാദ്ധ്യവുമായും

---

* 'Les Miserables'

ഇരുന്നിട്ടുമൊരു ഭയങ്കരമായ
നിലയത്രേ കഴൽച്ചുവട്ടിലെന്നോർത്താൻ.
ഉടനവൻ തന്റെ കരങ്ങളിലുള്ള
ചുമട്ടുകൾ ദൂരെ വലിച്ചെറിയുന്നു.
അപകടത്തിന്റെ നടുവിലെത്തിയ
തരണിപോൽത്തന്റെ ഘനം ചുരുക്കുന്നു.
കുറച്ചു വൈകിപ്പോയ്, മണലിതാ കേറി-
ക്കവിയുന്നു, തുടവരെയടിയിലായ്.
അവനിതാ കൈലേസ്സിളക്കിക്കാട്ടുന്നു;
മണലാമത്ത്യനെപ്പിടിച്ചു പൂഴ്ത്തുന്നു!
നിലവിളിക്കുന്നു, മനുഷ്യരാരുമി-
ല്ലവിടെവന്നുടൻ പിടിച്ചുകേററുവാൻ.
കരചരണങ്ങൾ പിടിച്ചുകെട്ടാതെ
ശരിയാമാരോഗ്യമിരിക്കവേതന്നെ
പിടികൂടിക്കീഴോട്ടഹോ വലിക്കുന്ന
ഭയാനകത്തിന്റെ നടുവിലാണവൻ.
ഭയങ്കരമാകും കുഴിച്ചുമൂടലാം
മരണശിക്ഷക്കു വിധേയനായവൻ.
ഇതു നിനക്കുകിൽ സജീവമത്ത്യന്റെ
യരികിലേക്കെത്തും ശവക്കുഴിയത്രേ!
ഇരിപ്പാൻ നോക്കുന്നു കിടപ്പാൻ നോക്കുന്നു
കയറുവാൻ പൊത്തിപ്പിടിച്ചുനോക്കുന്നു
അനക്കമോരോന്നുമനുനിമിഷമാ-
പ്പെരുങ്കുണ്ടിൽത്തന്നെ പിടിച്ചിറക്കുന്നു.
ഉടനവൻ നീണ്ടു നിവർന്നുനില്ക്കുന്നു
അഗാധത ഹന്ത! വിഴുങ്ങുന്നു വീണ്ടും.
ഉറക്കനെ കെഞ്ചിക്കരഞ്ഞുനോക്കുന്നു
കരംതമ്മിൽക്കൂട്ടിപ്പിടിച്ചു ഞെക്കുന്നു.
നിരാശനാകുന്നു, മണലിതാ വയർ
കവിഞ്ഞു മാറത്തേക്കണഞ്ഞുപൊങ്ങുന്നു.
ഉയർത്തുന്നു കരം, ഭയങ്കരമായി
ഞരങ്ങുന്നു, പൂഴിപിടിച്ചമർത്തുന്നു.

അതിൽനിന്നുപൊങ്ങിപ്പുറത്തു പോന്നിടാൻ
പിടയുന്നു തേങ്ങിക്കരയുന്നു വീണ്ടും.
ഇതുകണ്ടംബരം പകച്ചതുപോലെ
വിവർണ്ണമാം ഭാവം പകന്നു നില്ക്കുന്നു!
കടൽകിടന്നുരുണ്ടവിടെയെത്തുവാൻ
കഴിയാതെ ഹന്ത! നിലവിളിക്കുന്നു!
മണലിതാ പൊങ്ങിച്ചുമലിനെവിട്ടു–
ന്നവനുടെതൊണ്ട വരെയണയുന്നു.
മുഖമല്ലാതൊന്നുമിനിയില്ലാ മൂടാ–
നുറക്കെയെപ്പൊഴും കരകയാണവൻ.
പിളന്ന വായിലും നിറഞ്ഞിതു മണ–
ലവനുടെയൊച്ച നിലച്ചിതന്നേരം!
തുറിച്ചുനോക്കുന്ന മിഴിയന്നേരത്തും
അതും മണൽമൂടി;യവന്നു രാത്രിയായ്.
പതുക്കനെ നെററിത്തടം ചുരുങ്ങുന്നു
മുടിയിഴമാത്രം ചിലതിനി കാണാം.
ഉടനൊരുകരം തുളച്ചുമേല്പോട്ടു
വരു,ന്നിളകുന്നു, മറഞ്ഞുപോകുന്നു.
ഇതെന്തൊരുകഷ്ടം! ഇതുവിധമൊരാൾ
കടൽക്കരയിങ്കൽപ്പൊലിഞ്ഞുപോകയോ!
തുറന്നു വച്ചുള്ള മരണത്തിൻ വായി–
ലറിയാതെപെട്ടു വിഴുങ്ങിപ്പോകയോ?
ജലമൊട്ടുമില്ലാത്തിടത്തുവച്ചുണ്ടോ
തരണിമുങ്ങുന്നു, മഹാഭയങ്കരം.! *

---

* Les Miserables ലെ നായകനായ 'ജീൻവാൽജീൻ' പാരീസ്സിലെ ഓവുചാലിൽക്കൂടി—തിമിംഗലത്തിന്റെ കുടൽമാല എന്നു വിക്ടർ യൂഗോവിനാൽ നാമകരണംചെയ്യപ്പെട്ട ഭയങ്കരവും ആയതവും ദുർഗ്ഗന്ധപൂരിതവുമായ ഓവു ചാലിൽക്കൂടി, യുദ്ധമദ്ധ്യത്തിൽ ബോധരഹിതനായി വീഴുന്ന ഒരു യുവാവിനെയെടുത്തു് കടൽത്തീരത്തേക്കു് എത്തിക്കുവാൻ ശ്രമിക്കുന്നു. നാം കടൽക്കരയിൽവച്ചു് ഈ കണ്ടതുപോലെയുള്ള ഒരു അപകടഗർത്തത്തിൽ 'ജീൻവാൽജീൻ' ആ യുവാവ,നോടുകൂടി വീഴുകയും അതിൽനിന്നു് അത്ഭുതകരമായവിധത്തിൽ രക്ഷപ്രാപിക്കുകയും ചെയ്യുന്നു. ഓവുചാലിന്റെ ഭയങ്കരതയെ വെളിപ്പെടുത്തുന്നതിന്നാണു് കടൽത്തീരത്തുവെച്ചു നടക്കുന്ന ഈ അത്യാഹിതത്തെ പ്രത്യക്ഷമായി കാണിച്ചുതരുന്നതു്. ഇത്തരം കുഴമ്പൻമണൽനിറഞ്ഞ ഗർത്തങ്ങൾ ഓവുചാലിൽ പലയിടത്തുമുണ്ടു്.